License No. 371. Dated 10-10-37.

വൈദ്യസാരഥി.

വാല്യം 12 } 1123 വൃശ്ചികം. { ലക്കം 8.

ആയുർവ്വേദൗഷധങ്ങളും ഓഷധികളും.

മലമ്പനി, ശ്വാസംമുട്ടൽ, വില്ലൻചുമ, ജലദോഷം, വയറുകടി മുതലായരോഗങ്ങളെ ഭേദപ്പെടുത്തുന്നവയായ

അഷ്ടവർഗ്ഗം,

കന്മദം, കസ്തൂരി, ഗോരോചന, പ്ലാങ്ങ്ഓയിൽ

(അണുകീടനാശകതൈലം).

ഗുണത്തിനും പരിശുദ്ധതയ്ക്കും പൂർണ്ണ ഉത്തരവാദിത്വമുള്ളതു്.

Bhisag Bhusan

Prof:- **K. N. SHARMA, M. Sc., HONS.,**

78, Taybaal, Nepal.

EDITOR:- N. S. MOOSS, (VAYASKARA)

വാർഷി... വരിസംഖ്യ രൂ. ൩. ഒറ്റപ്രതി... അണ 4.

വൈദ്യസാരഥി.

കേരളത്തിലെ

ഏക സംസ്കൃത മലയാള വൈദ്യമാസിക.

വാല്യം 12. } 1123 വൃശ്ചികം. { ലക്കം 8.

മംഗളം.

—*—

രിപോർജ്ജയേ സാരഥിവന്മഹീപതേഃ
സഹായതാം വൈദ്യഗണസ്യ രുഗ്ജയേ
പ്രപദ്യമാനേയമതീവ മാസികാ
സദാ പരം ശുംഭതു വൈദ്യസാരഥിഃ

വൈദ്യൻ, പി. രാമൻമേനോൻ.

നിസ്സാരകം അല്ലതു പുരീഷക്ഷയം.

(വൈദ്യവാചസ്പതി, പണ്ഡിത പി. എസ്സ്. രാമശർമ്മ.)

വൈദ്യസാരഥിയിൽ വൈദ്യവിഷയങ്ങളെ കുറിച്ചു ലേഖനങ്ങൾ എഴുതി ആയുർവ്വേദലോകത്തേയും, പൊതുജനങ്ങളേയും ആരാധിക്കണം എന്ന ആഗ്രഹം വളരെക്കാലമായി എനിക്കു ഉണ്ടെങ്കിലും മലയാളഭാഷയിൽ അധികസ്വാതന്ത്ര്യം ഇല്ലാത്തതിനാൽ മനോഗതമായ വിഷയങ്ങളെ സ്പഷ്ടമായി പ്രകടിപ്പിക്കുവാൻ സാദ്ധ്യത ഇല്ലാതെവരുമോ എന്നുള്ള ഭീതികൊണ്ടാണ് ഇതുവരെ ഔദാസീന്യം അവലംബിക്കേണ്ടിവന്നതു്.

എങ്കിലും അഭിജ്ഞന്മാരായ തദ്വിദ്യന്മാരുടെ വാദപ്രതിവാദങ്ങളേയും അനുഭൂതചികിത്സാപ്രയോഗങ്ങളേയും

കുറിച്ചുള്ള ലേഖനങ്ങൾ വായിക്കുമ്പോൾ ആത്മമതത്തെ പ്രകടിപ്പിക്കാതിരിക്കുവാൻ എന്റെ അന്തരാത്മാവു് സമ്മതിക്കുന്നില്ല. പ്രകൃതവിഷയം നിസ്സാരകരോഗത്തേകുറിച്ചായതുകൊണ്ടു് എന്റെ നിബന്ധം നിസ്സാരവിഷയകമാണെന്നു് വായനക്കാർ അഭിപ്രായപ്പെട്ടാലും ഒരുവിധം യുക്തം തന്നെ.

സുശ്രുതസംഹിതയിൽ അതിസാരപ്രകരണത്തിൽ കാണുന്ന നിസ്സാരകം എന്ന പേരോടുകൂടിയ ഒരു രോഗം വിദ്വാന്മാർ പഠിച്ചിട്ടും ചികിത്സിച്ചിട്ടും ഉണ്ടായിരിക്കും. ശരീരാംശങ്ങളെ നിസ്സരിപ്പിക്കുന്നതിനാൽ സുശ്രുതം, യോഗരത്നാകരം മുതലായ ഗ്രന്ഥങ്ങളിൽ ഈ രോഗത്തിനു കാര്യത്തെ അനുസരിച്ചു് നിസ്സാരകം എന്നും കാരണത്തെ അനുസരിച്ചു് പുരീഷക്ഷയം എന്നും നാമകരണം ചെയ്തുകാണുന്നു. ധാതാഗ്നിയുടെ ദീപ്തിയാൽ ശരീരത്തിൽ പോഷകാംശങ്ങൾ ഇല്ലാതെ മലാംശങ്ങൾ കുറഞ്ഞുപോയി സാരാംശങ്ങൾതന്നെ അതിസരിക്കുന്നതിനാൽ പുരിഷക്ഷയം എന്ന പേരും അന്വർത്ഥമാണെന്നുതോന്നുന്നു. ത്രിശിരപുരം—തൃച്ചി, തൃശ്ശിവപേരൂർ—തൃശ്ശൂർ ആയിമാറിയതുപോലെ പുരിഷക്ഷയത്തിന്റെ ഒരു ആഭാസാനുകരണമായിരിക്കണം ഡച്ചിൽ Sprouw എന്നും ഇംഗ്ലീഷിൽ Sprue എന്നും ഈ രോഗത്തിനു് പേരിട്ടു കാണുന്നതു്. ഇംഗ്ലീഷിൽ ചുരുക്കമായി ഈരോഗത്തെ ഇങ്ങിനെയാണു് വിവരിച്ചുകാണുന്നതു്. Tropical disease with Chronic Diarrhea and digestive disturbances, accompanied by chronic inflammation of the bowel, atrophy of its wall and ulceration of the mouth.

ഇതു സുശ്രുതാചാര്യൻ മുതലായവർ ഉപദേശിച്ചിട്ടുള്ള അർത്ഥത്തിന്റെ സാരമാണെന്നു് മേൽ വിവരിക്കപ്പെടുന്ന ലക്ഷണചികിത്സകളിൽനിന്നു് മനസ്സിലാക്കാവുന്നതാണു്. "ദീപ്താഗ്നിന്നിഷ്പുരീഷോ യ: സാര്യതേ ഫേനിലം ശകൃൽ"

എന്നു് സുശ്രുതത്തിലും, ദീപ്താഗ്ന്യതിപുരീഷ: എന്നു് യോഗരത്നാകരത്തിലും കാണുന്നുണ്ടു്. ഈ പാഠഭേദങ്ങൾ അവസ്ഥാഭേദേന സമന്വയിപ്പിക്കുകയുംചെയ്യാം. കഴിഞ്ഞ സാരഥിയിൽ ആയുർവ്വേദാചാര്യൻ രാമകൃഷ്ണൻനായർ അവർകളുടെ നോട്ടിൽ കണ്ട അർത്ഥം സുശ്രുതാചാര്യന്റെ സൂത്രപ്രായമായ 16 എഴുത്തുകളിൽ വിശദമാകുന്നു.

രോഗം അതിസാരംപോലെ തോന്നിയാലും നിദാനം, ലക്ഷണം, സമ്പ്രാപ്തി എന്നിവ ഭിന്നമാകയാൽ അതിസാരചികിത്സകൊണ്ടു് ഭേദപ്പെടുന്നതല്ല. ആയതിനാലാണു് ആചാര്യൻ നിദാനലക്ഷണചികിത്സകൾ പ്രത്യേകം നിർണ്ണയിച്ചിരിക്കുന്നതു്. ദീപ്താഗ്നി: എന്നു പറഞ്ഞിരിക്കയാൽ 'ഗാസ്റ്റ്റിക് ജൂസ്'' മുതലായപിത്തദ്രവങ്ങൾ അധികമായും

ആഹാരത്തെ പചിക്കുവാൻ ഉപയോഗമററതായി വായ് മുതൽ ആസനംവരെ പുണ്ണുണ്ടാകുമെന്നും ശ്രീ. നായർഅവർകളുടെ നോട്ടിൽ കണ്ട വിവരം അഗ്നിമാന്ദ്യങ്ങൾക്കുള്ള കാര്യകാരണഭാവംകൊണ്ടു് വിശദമാകുന്നു.

യോഗരത്നാകരപാഠമനുസരിച്ചു് വ്യാധി ആരംഭത്തിൽ അധികം പുരീഷത്തോടും, ക്രമേണ പുരീഷാംശം കുറഞ്ഞും നിസ്സരിക്കുമെന്നും, ഈ സാരാംശങ്ങൾ നിസ്സരിക്കാതിരിപ്പാൻ പാശ്ചാത്യഗവേഷകന്മാരാൽ കണ്ടുപിടിക്കപ്പെട്ട ചുണ്ണാമ്പുസത്തു് (Calcium)നിറഞ്ഞ ഔഷധങ്ങളാണു് ആചാര്യൻ വിവരിച്ചിട്ടുള്ളതെന്നു് ചികിത്സാക്രമങ്ങളെ കണ്ടാൽ അറിയാവുന്നതുമാണു്. പിന്നെ അല്പം മഞ്ഞനിറത്തോടും, പതയോടുംകൂടിയ മലത്തോടുകൂടി ആരംഭിക്കുന്നു എന്നു് ലേഖനത്തിൽ കാണുന്നു. ദീപ്താഗ്നി: എന്നു് ആചാര്യൻ പറഞ്ഞതിനാലും "സാമ്യുതഫേനിലം ശകൃൽ, എന്നു് പറഞ്ഞതിനാ

ലും ശ്രീ. നായരുടെ ലേഖനത്തിൽ വിപ്രതിപത്തിക്കു് അവകാശമില്ലെന്നു തോന്നുന്നു. രാവിലെ അധികം പോകുവാൻ കാരണം രാത്രി നിദ്രാകാലത്തിൽ അല്പം കുറവായിരുന്നാൽ രാവിലെ അധികം പ്രാവശ്യം പോകുന്നു എന്നതു യുക്തിയുക്തമാണല്ലോ.

പിന്നെ ലേഖനത്തിൽ ദഹനക്കേടും ഉണ്ടാവും എന്നു പറഞ്ഞിരിക്കെ, ആചാര്യൻ ദീപ്താഗ്നി എന്നു പറഞ്ഞിരിക്കുന്നതിനാൽ എങ്ങിനെയാണു് തമ്മിൽ ഘടിക്കുക എന്നു ആപാതതതോന്നാം. ആ സംശയം ആചാര്യൻതന്നെ ചികിത്സയിൽ നിവൃത്തിപ്പിച്ചിരിക്കകൊണ്ടു് ശ്രീ. നായരുടെ ലേഖനത്തിലെ വിഷയത്തെ ശരിയാക്കുവാൻ അധിക പ്രയത്നം ആവശ്യമില്ല. "ബലാവിശ്വശൃതം ക്ഷീരം, ഗുഡതൈലാനുയോജിതം. ദീപ്താഗ്നിം പായയേൽ പ്രാതഃസുഖദം വർച്ചസഃക്ഷയേ" എന്നു് ആചാര്യൻ പറഞ്ഞതിനാൽ വയറുകാളിച്ചയോടും, ഇല്ലാതേയും, രണ്ടുവിധം ഉണ്ടാവുന്നതാണെന്നു കാണുന്നു. ശ്രീ നായരുടെ ലേഖനത്തിൽ ദഹനക്കേടു് എന്നു പറഞ്ഞിരിക്കുന്നു. പക്ഷേ ഇതും ഇംഗ്ലീഷിന്റെ ശരിയായ തർജ്ജമയാണോ എന്നു് സംശയമാണു്. ഇംഗ്ലീഷിൽ Digestive disturbances, accompanied by Chronic inflammation of the bowel, atrophy of its wall, and ulceration of the mouth എന്നാണു് കാണുന്നതു്. ദഹനക്കേടു് എന്നുപറഞ്ഞാൽ ദഹനം നശിച്ചുപോകുക എന്നാണു തോന്നുക. പക്ഷെ disturbances എന്ന വാക്കുകൊണ്ടു് അഗ്നി സമസ്ഥിതിയിലല്ലാതെ ഇതര മൂന്നു സ്ഥിതിയിൽ ഏതെങ്കിലും ഒരു അവസ്ഥയിലിരിക്കുക എന്നാണു് അർത്ഥം ഗ്രഹിക്കേണ്ടതു്.

പിന്നെ അടുത്തകാലംവരെ പാശ്ചാത്യന്മാർ ഈ ദീനത്തെ അന്യഥാ ഗ്രഹണംചെയ്തു് ഭ്രമിച്ചുപോയതിനാൽ സുശ്രുതൻ തുടങ്ങിയുള്ള ആചാര്യന്മാൎക്കു് യാതൊരു ഹാനിയും വരുന്നതല്ല. കർമ്മായപ്രവർത്തകാവയവങ്ങൾ, പോഷണപരിണാമരോഗം എന്നീ പ്രയോഗങ്ങൾ പാശ്ചാത്യന്മാൎക്കു് നിസ്സാരകത്തിൽ ഭ്രമം വന്നതുപോലെ വായനക്കാരെ ഭ്രമിപ്പിക്കുവാൻ അത്യന്തം അവകാശത്തെ ഉണ്ടാക്കുന്നു. കർമ്മായപ്രവർത്തകന്മാർ എന്നുള്ളതിന്നു ഒരുവിധം ശക്തിലക്ഷണാവൃത്തികൾകൊണ്ടു് അർത്ഥം നിർണ്ണയിച്ചാലും പോഷണ

പരിണ്ണാമരോഗം എന്നല്ലതിന്റെ യോഗരൂഢ്യർത്ഥം മനസ്സിലാകുവാൻ വളരെ പ്രയാസമാണു്. സുശ്രുതാചാര്യൻ ഈ രോഗത്തിന്നു് വിധിച്ചിട്ടുള്ള ചികിത്സകൊണ്ടുതന്നെ നോട്ടിൽ കണ്ട പാശ്ചാത്യതത്വങ്ങൾ സുശ്രുതാദ്യാചാര്യന്മാക്കു് അനാദികാലംമുതൽ അന്തഃക്കരണത്തിൽ വ്യക്തമായി സ്ഫുരിച്ചിരുന്നുവെന്നു് വാചകന്മാക്കു് അറിയാം. പ്രായേണ വൈദ്യന്മാക്കു് നവീനന്മാർ പറയുന്ന കാൽസ്യം (Calcium) വിററാമിൻ മുതലായതു് ഏതേതു ആഹാരത്തിൽ അധികം ഉണ്ടെന്നു അറിയാവുന്നതിനാൽ സുശ്രുതശ്ലോകങ്ങളെ മാത്രം ഇവിടെ എഴുതുന്നു. "ദധ്നാ സസാരേണ സമാക്ഷികേണ ഭുഞ്ജീത നിസ്സാരകപീഡിതസ്തു" സതപ്തകപ്യകചഥിതേന വാപി ക്ഷീരേണ ശീതേന മധുപ്ളുതേന. ബലാവിശ്വശൃതം ക്ഷീരം ഗുഡതൈലാനുയോജിതം ദീപ്താഗ്നിം പായയേൽപ്രാതഃ സുഖദം വർച്ചസഃക്ഷയേ. വിബന്ധവാതവിട്ശൂല പരിതഃ സപ്രവാഹികഃ സരക്തപിത്തശ്ച പയഃ പിബേൽ തൃഷ്ണാസമന്വിതഃ. യഥാമൃതം തഥാ ക്ഷീരമതീസാരേഷുപൂജിതം. സ്വിന്നാനി ഗുഡതൈലാഭ്യാം ഭക്ഷയേൽ ബദരാണി ച സുസ്വിന്നാൻ പിഷ്ടവദ്വാപി സമം വില്വശലാട്ടുഭിഃ. ദധ്നോപയുഞ്ജ്യാൽ ഗുല്മാഷാൻ ശ്വേതാമനു പിബേൽ സുരാം സംസ്കൃതോ യമകേ മാഷയവകോലരസഃ ശുഭഃ. ഭോജനാർത്ഥഞ്ച ദാതവ്യോ ദധിദാഡിമസാധിതഃ, വിഡം വില്വശലാട്ടുനി നാഗരം ചാമ്ലപേഷിതം. ദധ്നഃ സരശ്ചയമകേ ഭൃഷ്ടോ വർച്ചഃക്ഷയേ ഹിതഃ സശൂലം ക്ഷീണവർച്ചായഃ ദീപ്താഗ്നിരതിസാര്യതേ. സ പിബേദ്ദീപനൈര്യുക്തം സർപ്പിഃ സംഗ്രാഹകൈഃ സഹ. ഈ ഒടുവിലത്തെ ശ്ലോകത്തിൽനിന്നു ദീപ്താഗ്നിയായ ഈ രോഗിക്കും ഔഷധങ്ങൾ ദീപനപാചനങ്ങളും ആയിരിക്കണം എന്നു് ആചാര്യൻപറയുന്നതിനാൽ നോട്ടിൽ കണ്ട കമ്മായപ്രവത്തകാവയവങ്ങളായ പ്ലീഹാദികളെ പ്രവർത്തിപ്പിക്കുവാൻ വേണ്ടി ആണെന്നു് ഊഹിക്കാം.

ഇപ്രകാരം ഇത്യാദി ആചാര്യ്യൻെറ നിസ്സാരകചികിത്സയിൽകണ്ട യോഗങ്ങളും പ്ലീഹാദികളെത്തുടൻ്റ് പ്രവൎത്തിപ്പിക്കുന്നതും കാത്സ്യം (Calcium)നിറഞ്ഞതുമാണെന്ന് നവീനപരീക്ഷകന്മാർ സമ്മതിക്കാതിരിക്കുവാൻ വഴിയില്ല. ഈ മാതിരി രോഗം എൻെറ അനുഭവത്തിൽ വന്നിട്ടുണ്ട്. പക്ഷെ ആദ്യം ക്ലേശിച്ചുഎങ്കിലും കന്മദം കൊടുത്തതിൽ പൂൎണ്ണസുഖം ലഭിച്ചു. കാലക്രമത്തിൽ സുശ്രുതം, യോഗരത്നാകരംമുതലായ ഗ്രന്ഥങ്ങളിൽ കണ്ടുവന്ന ചികിത്സ ചെയ്കതിൽ വ്യാധിതന്മാർ സമ്പൂൎണ്ണഗുണം പ്രാപിച്ചിട്ടുണ്ട്.

ആയതുകൊണ്ട് വികാരനാമാകുശല: എന്ന ശ്രീ. ആചാൎയ്യൻെറ വചനത്തെ പ്രമാണീകരിക്കുന്നതുപോലെ സൎവ്വേഷുരോഗേഷുശിലാഹ്വയഞ്ച എന്നപോലെയുള്ള ചികിത്സാവചനങ്ങളേയും പ്രമാണീകരിച്ചിരുന്നാൽ ഈ മാതിരി സന്ദൎഭത്തിൽ പെട്ടെന്നു വിദേശചികിത്സ ചെയ്യേണ്ടിവരുകയില്ല എന്ന് സ്വാനുഭവംകൊണ്ടും ശാസ്ത്രംകൊണ്ടും നിസ്സംശയം പറയാം. രസതന്ത്രത്തിൽ ഗ്രഹണി, അതിസാരം മുതലായ രോഗങ്ങളിൽ കാണുന്ന ഔഷധങ്ങൾ മിക്കവാറും കുമ്മായസത്തുനിറഞ്ഞ മുത്ത്, ശംഖം മുതലായതുകളേക്കൊണ്ടാണെന്നു വൈദ്യന്മാൎക്ക് നല്ലവണ്ണം അറിയാം.

അസ്ഥിസ്രാവം.

(7-ാം ലക്കത്തിൽനിന്നും തുടൎച്ച)

(വൈദ്യൻ, പി. രാമൻമേനോൻ പൊയ്യ.)

മഹൎഷിമാർ ജ്ഞാനചക്ഷുസ്സുള്ളവരാണെന്ന് മി. വാൎയ്യർ സമ്മതിക്കുന്നുണ്ടല്ലോ. എന്നാൽ അവൎക്ക് ആഹാരവിഹാരങ്ങളുടെ തകരാറുകൊണ്ട് കോപിക്കുന്ന ത്രിദോഷങ്ങളിൽനിന്നും ഇന്നിന്നകാലങ്ങളിൽ ഇന്നിന്നരോഗങ്ങളുണ്ടാവും.

ആ രോഗങ്ങൾക്ക് ഇന്നിന്നലക്ഷണങ്ങൾ കാണുമെന്നും ആ വ്യാധികളുടെ വിപര്യ്യയചികിത്സ ഇന്നിന്നതാണെന്നും കൂടി പറയാമായിരുന്നല്ലോ. ഹേതുവിപര്യ്യയചികിത്സകൊണ്ടു് ശമിക്കാതെവരുന്ന രോഗങ്ങൾക്കു് വ്യാധിവിപര്യ്യയചികിത്സ ചെയ്യണമെന്നു് വാഗ്ഭടാചാര്യർ മാത്രാശിതീയത്തിൽ പറഞ്ഞിട്ടുണ്ടെന്നു് ഞാൻ 11-ാം വാല്യം 10-ാം ലക്കം സാരഥിയിൽ വിവരിച്ചിട്ടുള്ളതു് മി. വാര്യർ കണ്ടിട്ടുണ്ടല്ലോ. ദയാലുക്കളായ മഹർഷിമാർ വൈദ്യതന്ത്രങ്ങളെ നിർമ്മിച്ചതു് ജനങ്ങളെ സകല രോഗപീഡകളിൽനിന്നും രക്ഷിക്കുവാനാകയാൽ അവരുടെ ഉദ്ദേശം സഫലമാകണമെങ്കിൽ അവർ സകല രോഗങ്ങളേയും സോപക്രമം പറയണം. ജ്ഞാനചക്ഷുസ്സുള്ള മഹർഷിമാർക്കതു് സാധിക്കുകയും ചെയ്യുമല്ലൊ.

"ഏതു് പുതിയരോഗം ഉണ്ടായാലും ത്രിദോഷങ്ങളെ അതിക്രമിക്കുന്നില്ല എന്നുള്ളതുകൊണ്ടു് ആ ത്രിദോഷങ്ങളെ വെച്ചുകൊണ്ടു്-രോഗം എന്തുമായിക്കൊള്ളട്ടെ—ചികിത്സിക്കുവാനുള്ള മാർഗ്ഗവും കാണിച്ചുതന്നു" എന്നെഴുതിയ മി. വാര്യർക്കു് രോഗഹേതുക്കളായ ദോഷങ്ങളുടെ ചികിത്സയാണു് ഹേതുവിപര്യ്യയചികിത്സ എന്നു് മനസ്സിലാക്കിയിട്ടില്ല. മനസ്സിലായിട്ടുണ്ടെങ്കിൽ ഇതെഴുതിയതിന്റെ താഴെയുള്ള വരിയിൽ "അല്ലാതെ ഹേതുവിപര്യ്യയചികിത്സയെ ഉദ്ദേശിച്ചല്ല." എന്നെഴുതുവാൻ സംഗതിയില്ലാത്തതാണു്. "ദോഷങ്ങളെവച്ചുകൊണ്ടു് ചികിത്സിക്കുവാനുള്ള മാർഗ്ഗവും കാണിച്ചുതന്നു" എന്നു് മി. വാര്യർ എഴുതിയിട്ടുണ്ടല്ലോ. അതു് ഹേതുവിപര്യ്യയചികിത്സയല്ലെങ്കിൽ ഏതൊരു ചികിത്സയാണെന്നു പറയണം. ഹേതുവിപര്യ്യസ്തവും വ്യാധിവിപര്യ്യസ്തവും ഹേതുവ്യാധിവിപര്യ്യസ്തവും ഹേതുവിപര്യ്യസ്താർത്ഥകാരിയും വ്യാധിവിപര്യ്യസ്താർത്ഥകാരിയും ഹേതുവ്യാധിവിപര്യ്യസ്താർത്ഥകാരിയും അല്ലാതെ ചികിത്സയില്ലല്ലോ. ദോഷങ്ങളെവച്ചുകൊണ്ടുള്ള ചികിത്സ ഇവയിൽ ഏതിലന്തർഭവിക്കുന്നതാണെന്നു മി. വാര്യർ പറയണം. "ഹേതുവ്യാധിവിപര്യ്യസ്തവിപര്യ്യസ്താർത്ഥ

കാരിണാം ഔഷധാന്നവിഹാരാണാമുപയോഗം സുഖാവഹം വിദ്യാദുപശയം" എന്നുള്ള വാക്യങ്ങളെ വിഗ്രഹിച്ച് അൎത്ഥത്തെ എഴുതികണ്ടാൽകൊള്ളാം. ഹേതുവിപൎയ്യസ്തങ്ങളായ ഔഷധം അന്നം വിഹാരം ഇവയും വ്യാധിവിപൎയ്യസ്തങ്ങളായ ഔഷധം അന്നം വിഹാരം ഇവയും ഹേതുവ്യാധിവിപൎയ്യസ്തങ്ങളായ ഔഷധം അന്നം വിഹാരം ഇവയും ഹേതുവിപൎയ്യസ്താൎത്ഥകാരികളായ ഔഷധം അന്നം വിഹാരം ഇവയും വ്യാധിവിപൎയ്യസ്താൎത്ഥകാരികളായ ഔഷധം അന്നം വിഹാരം ഇവയും ഹേതുവ്യാധിവിപൎയ്യസ്താൎത്ഥകാരികളായ ഔഷധം അന്നം വിഹാരം ഇവയും ധരിപ്പാനുള്ള ഉദാഹരണങ്ങളും മി. വാൎയ്യർ വിശദീകരിക്കുമല്ലോ.

മി. വാൎയ്യർ ചരകത്തിൽ ആരോ എഴുതിയിരിയ്ക്കുന്ന "സ ഏവകുപിതോ ദോഷഃ" ഇത്യാദികളായ രണ്ടു പദ്യങ്ങളേയും അവയുടെ വ്യാഖ്യാനത്തേയും ഉദ്ധരിച്ച് രോഗങ്ങൾ അസംഖ്യേയങ്ങളാണെന്നു് തെളിയിയ്ക്കാൻ ശ്രമിച്ചിട്ടുണ്ടു്.

വ്യാഖ്യാനം "അഥ സമ്പ്രാപ്തിഭേദേന ജായമാനാനാം രോഗാണാമാനന്ത്യം സമാസേനപ്രതിപാദയന്നാഹ. സ ഏവേതി" എന്നാണതിലെ അവതാരിക. ഈ അവതാരിക ശരിയല്ല. സമ്പ്രാപ്തി എന്നതു് ആമയത്തിന്റെ നിവൃത്തിയാണു്. നിവൃത്തി എന്നതു് ഉല്പത്തിയാണു്. ആ സ്ഥിതിക്കു് രോഗോല്പത്തിഭേദേന ഉണ്ടാകുന്ന രോഗങ്ങളുടെ ആനന്ത്യത്തെ അറിയിക്കുന്നവനായിട്ടു് പറയുന്നു എന്നാണു് ആ അവതാരികയുടെ അൎത്ഥം. രോഗോല്പത്തിഭേദേന ഉണ്ടാകുന്ന രോഗങ്ങളുടെ ആനന്ത്യത്തെ എന്നുള്ള അവതാരികയിൽ നിന്നും കേൾക്കുന്നവൎക്കു് എന്തൊരു ജ്ഞാനമാണുണ്ടാകുന്നതെന്നു് ആ വ്യാഖ്യാതാവു് ചിന്തിച്ചിട്ടില്ല. "സ ഏവ സമാന ഏവ ദോഷാ വാതാദിഃ" എന്നുള്ള വ്യാഖ്യാനവും ശരിയല്ല. സ ഏവ എന്നതിനു് സമാനഏവ എന്നുള്ള അൎത്ഥം ഒരിക്കലും പറയാവുന്നതല്ല. എന്തിനോടു് സമാനം എന്നും പറഞ്ഞിട്ടില്ല. "കുപിതഃക്രുദ്ധഃസൻ ഉപലക്ഷണാൽ ക്ഷീണോഽപി"

എന്നുള്ള വ്യാഖ്യാനവും ശരിയല്ല. ക്ഷീണമായിരിക്കുന്ന ദോഷത്തിനു ഒരു വികാരത്തെയും ഉണ്ടാക്കുവാൻ സാധിക്കുന്നതല്ലെന്നു "യഥാബലം യഥാസ്വം ച ദോഷാവൃദ്ധാ വിതന്വതെ-രൂപാണി ജഘതി ക്ഷീണാഃ സമാഃ സ്വം കർമ്മകുർവ്വതെ" എന്നുള്ള പദ്യത്തിന്റെ അർത്ഥമാലോചിച്ചാലറിയാം. ക്ഷീണദോഷങ്ങൾക്കു തങ്ങളുടെ കർമ്മങ്ങളേക്കൂടി ചെയ്യാൻ സാധിക്കുന്നതല്ലെന്നു വന്നപ്പോൾ അതുകൾക്കു രോഗങ്ങളെ ഉണ്ടാക്കുവാൻ സാധിക്കയില്ലെന്നു വിശിഷ്യാ പറയേണ്ടതില്ലല്ലോ. "സർവ്വേഷാമേവ രോഗാണാം നിദാനം കുപിതാമലാഃ" എന്നു പഠിച്ചിരിക്കുന്ന തന്ത്രകാരന്റെ അഭിപ്രായം കോപിച്ച ദോഷങ്ങളാണു രോഗങ്ങളെ ഉണ്ടാക്കുന്നതെന്നാണെന്നു സ്പഷ്ടമാണു. വൃദ്ധിയുടെതന്നെ വ്യത്യാസമാണു കോപം എന്നു "വൃദ്ധിർദ്വെധാ ചയകൊപഭേദേന" എന്നുള്ള സംഗ്രഹവാക്യം വ്യക്തമാക്കുന്നുണ്ടല്ലോ. ഇത്രയും പറഞ്ഞതിൽ നിന്നും ക്ഷീണദോഷം ഒരു രോഗത്തേയും ഉണ്ടാക്കുന്നതല്ലെന്നു ധരിക്കാവുന്നതാണെല്ലോ. തസ്മാൽ-യതോ ബുദ്ധ്വിജ്ഞേയാ രോഗാണാം അശേഷവിശേഷപ്രകാരാസ്തതോ ഹേതോഃ" എന്നുള്ള വ്യാഖ്യാനവും ശരിയല്ല. വികാരശബ്ദവാച്യങ്ങളിവിടെ രോഗങ്ങളല്ലെന്നു രോഗങ്ങളെ മനസ്സിലായില്ലെങ്കിലും ഏതേതു ദോഷകോപചിഹ്നങ്ങളാണു കാണുന്നതു അതു ദോഷങ്ങളെ ആസ്പദമാക്കി ചികിത്സിക്കുവാൻ പറഞ്ഞിരിക്കുന്നതുകൊണ്ടുതന്നെ മനസ്സിലാക്കാം. അതുകൊണ്ടു "വികാരപ്രകൃതീഃ വികാരാണാം വാതാദികോപചിഹ്നതോ നോക്താനാം സ്രംസാദീനാം സ്വഭാവാൻ" എന്നാണു വ്യാഖ്യാനിക്കേണ്ടതു. 'അധിഷ്ഠാനാന്തരാണി അധിഷ്ഠാനാനാം രോഗാശ്രയാണാം ആമാശയാദീനാമന്തരാണി അവധിവിശേഷാൻ, സ്ഥാനാശ്രയഭേദാൻ വാ" എന്നുള്ള വ്യാഖ്യാനവും ശരിയല്ല. രോഗാശ്രയങ്ങളെ അറിയണമെന്നല്ലാതെ അവയുടെ അവധികൾ എവിടെവരെയാണെന്നു നോക്കുക എന്നുള്ളതു ചികിത്സാകർമ്മത്തെക്കുറിച്ചു ഒരിക്കലും ആവശ്യമി

ല്ലാത്തതാണെന്നു് വൈദ്യന്മാക്കറിയാം. "സ്ഥാനാശ്രയഭേദാൻവാ' എന്നുവ്യാഖ്യാനിച്ച ആൾക്കു് സ്ഥാനശബ്ദത്തിനും ആശ്രയശബ്ദത്തിനും അത്ഥമൊന്നാണെന്നു് മനസ്സിലായിട്ടില്ല. "സമുത്ഥാനാനി രോഗോല്പാദകബാഹ്യനിമിത്താനി തേഷാം വിശേഷാൻ നിമിത്തനൈമിത്തികസംബന്ധവിജ്ഞാതാൻ പ്രകാരാൻ" എന്നുള്ള വ്യാഖ്യാനവും ശരിയല്ല. ഇവിടെ രോഗങ്ങളെ ആസ്പദമാക്കിയല്ല ചികിത്സിക്കവാൻ പറഞ്ഞിരിക്കുന്നതു്. രോഗഹേതുക്കളായ ദോഷങ്ങളെ ആസ്പദമാക്കിയാണു് ചികിത്സിക്കവാൻ പറഞ്ഞിരിക്കുന്നതു്. അതു കൊണ്ടു് "സമുത്ഥാനവിശേഷാൻ സമുത്ഥാനാനാം വാതാദിദോഷപ്രകോപണാനാം രൂക്ഷശീതാദീനാം വിശേഷാൻ ഭേദാൻ" എന്നാണു് വ്യാഖ്യാനിക്കേണ്ടതു്. ഈ പറഞ്ഞവകൂടാതേയും ആ വ്യാഖ്യാനത്തിൽ പല തെററുകളും കാണുന്നുണ്ടു്. അവയെ ഇവിടെ വിസ്തരിക്കുന്നില്ല. മി. വാൎയ്യർ എത്രയും പ്രധാനമാണെന്നുകരുതി ഉദ്ധരിച്ച വ്യാഖ്യാനം അബദ്ധബഹുളമാണെന്നിപ്പോൾ ബോദ്ധ്യം വന്നിരിക്കുമല്ലൊ.

"വ്യാധിജന്മഹേതുകദോഷവ്യാപാരമായ സമ്പ്രാപ്തിയെ പരിപൂൎണ്ണമായി നശിപ്പിക്കുന്നതിനുള്ള സകല ക്രിയാമാർഗ്ഗങ്ങളേയും സൂചിപ്പിക്കുന്നുണ്ടെന്നും അറിവാൻ പ്രയാസമില്ല" എന്നും മി. വാൎയ്യർ പറഞ്ഞിട്ടുണ്ടു്. "യഥാദുഷ്ടേന ദോഷേണ................നിർവൃത്തിരാമയസ്യാസൌ സമ്പ്രാപ്തിജ്ജാതിരാഗതിഃ" എന്ന പദ്യംകൊണ്ടു് ആമയത്തിന്റെ ഉല്പത്തിയാണു് സമ്പ്രാപ്തി എന്നു് വാഗ്ഭടാചാൎയ്യർ വ്യക്തമാക്കിയിട്ടുണ്ടെന്നു് ധരിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം വ്യാധിജന്മഹേതുകദോഷവ്യാപാരമാണു് സമ്പ്രാപ്തി എന്നു പറയാൻ സംഗതിയില്ല. "പരിപൂൎണ്ണമായി നശിപ്പിക്കുന്നതിനുള്ള" എന്നെഴുതിയ അദ്ദേഹത്തിന്നു് "പരിപൂൎണ്ണമായി" എന്നതിന്റെ സ്ഥാനത്തു് "നിശ്ശേഷമായി" എന്നാണെഴുതേണ്ടതെന്നും അദ്ദേഹത്തിനു മനസ്സിലായിട്ടില്ല.

അബദ്ധങ്ങളായ 'അമുമാശ്രയമാശ്രിത്യ............സമ്പ്രാപ്തീരുക്‌വിചക്ഷണാഃ' എന്നുള്ള പദ്യങ്ങളുടെ അൎത്ഥത്തെ അന്വയപ്രദർശനപൂൎവ്വം മി. വാര്യർ വിവരിച്ചുകണ്ടാൽക്കൊള്ളാം. "രുക്‌വിചക്ഷണാഃ" എന്നു് മി. വാര്യർ എഴുതിയിട്ടുള്ളതു ശബ്ദശാസ്ത്രാനഭിജ്ഞതകൊണ്ടുതന്നെയാണു്. ശബ്ദശാസ്ത്രാഭിജ്ഞന്മാൎക്കു് "രുഗ്വിചക്ഷണാഃ" എന്നാണെഴുതേണ്ടതെന്നു് മനസ്സിലാവുന്നതാണു്. "ത്വഗ്വിവൎണ്ണോഷ്യതേƒത്യൎത്ഥം" ഇത്യാദി പ്രയോഗങ്ങളും അദ്ദേഹം കണ്ടിട്ടില്ലായിരിക്കാം. "യഥാദുഷ്ടേന ദോഷേണ" ഇത്യാദിയായ ഒരു പദ്യത്തിന്റെ അൎത്ഥവും എഴുതണം.

"ഇനി പറയാത്ത രോഗങ്ങൾക്കു് വ്യാധിവിപരീതചികിത്സ എങ്ങിനെ ചെയ്യുമെന്നുള്ള ചോദ്യത്തിനു സമാധാനം അടുത്തുതന്നെ എഴുതാമെന്നുദ്ദേശിച്ചുകൊണ്ടു് വേറെ അല്പം കാൎയ്യംകൂടി പറയാമെന്നു് വിചാരിക്കുന്നു" എന്നെഴുതിയ മി. വാര്യർ ഇതിന്നു് സമാധാനം പറയാതെ വേറെ അല്പം കാൎയ്യംകൂടി പറയാമെന്നു വിചാരിച്ചതു് ഇതിനു സമാധാനം പറയാൻ സാധിയ്ക്കായ്കകൊണ്ടുതന്നെയാണെന്നു് സ്പഷ്ടമാണല്ലോ.

'ദൂഷ്യം ദേശം' ഇത്യാദികളായ അദ്ദേഹം ഉദ്ധരിച്ച പദ്യങ്ങളിലെ 'ഏഷാം സൂക്ഷ്മസൂക്ഷ്മാഃ അവസ്ഥാഃ' എന്നുള്ള മൂന്നു പദങ്ങളുടെ അൎത്ഥത്തെ മി. വാര്യർ എഴുതിക്കണ്ടാൽകൊള്ളാം. 'ഏഷാം ദൂഷ്യാദീനാം' എന്നാണു് വ്യാഖ്യാനം കാണുന്നതു്. ആ സ്ഥിതിക്കു് ദൂഷ്യദേശബലകാലാദികളേയും അവയുടെ അവസ്ഥകളേയും സമീക്ഷിക്കണമെന്നല്ലേ വരുന്നതു്. ദൂഷ്യാദികളെ സമീക്ഷിക്കുക എന്നതു് എങ്ങിനെയാണെന്നും അവയുടെ അവസ്ഥകളെ സമീക്ഷിക്കുക എന്നതു് എങ്ങിനെയാണെന്നും വിശദീകരിച്ചുകണ്ടാൽകൊള്ളാം. അവസ്ഥകൾ എന്തെല്ലാമാണെന്നു് പ്രത്യേകം എഴുതുമല്ലോ.

"ഇവിടെയും ദോഷങ്ങളുടെ പ്രാമാണ്യത്തെയാണ് പ്രസ്താവിച്ചിട്ടുള്ളതു്. രോഗത്തിന്റെ പേരിനേപ്പററിയും മററും ഗൌനിക്കുന്നതേയില്ല. അല്ലെങ്കിൽ "ദോഷൌഷധനിരൂപണേ" എന്നതിനു പകരം "രോഗൌഷധനിരൂപണേ എന്നാകാമായിരുന്നു" എന്നും മി. വാര്യർ പറഞ്ഞിട്ടുണ്ടു്. പ്രാമാണ്യം എന്നതിനു പ്രമാണമാവു എന്നുള്ളതു് എന്നും പ്രമാണം എന്നതിനു പ്രമാകരണം എന്നുമാണർത്ഥം. ഈ സ്ഥിതിക്കു് ദോഷങ്ങൾ പ്രമാകരണമാണെന്നുവരും. ഇന്ദ്രിയം പ്രത്യക്ഷപ്രമാണമാണെന്നു് തർക്കശാസ്ത്രത്തിൽ പറഞ്ഞുകാണുന്നുണ്ടു്. ദോഷങ്ങൾ എന്തൊരു പ്രമാണമാണെന്നു് മി. വാര്യർ തന്നെ പറയണം. "ദോഷൌഷധനിരൂപണേ" എന്നതിനു പകരം "രോഗൌഷധനിരൂപണെ" എന്നാകാമായിരുന്നു എന്നു് മി. വാര്യർ പറഞ്ഞതു് പ്രകരണാനഭിജ്ഞതകൊണ്ടു തന്നെയാണു്. പ്രകൃതം എന്താണെന്നറിഞ്ഞിട്ടുള്ള പണ്ഡിതന്മാരാരും ഇങ്ങിനെ പറയുന്നതല്ല. "ദൂഷ്യം ദേശം" ഇത്യാദികളായ പദ്യങ്ങളെ പഠിക്കുന്നതിനു മുൻപിൽ രോഗങ്ങളുടെ പേരുകൾ മനസ്സിലായില്ലെങ്കിലും ഏതേതു ദോഷകോപവികാരങ്ങളാണു് കാണുന്നതെന്നും ഏതേതു പ്രദേശങ്ങളിലാണവ കാണുന്നതെന്നും ഏതേതു ഹേതുക്കളെക്കൊണ്ടാണു് ആ ദോഷങ്ങൾ കോപിച്ചതെന്നും അറിഞ്ഞിട്ടു് ആ വികാരഹേതുക്കളായ ദോഷങ്ങൾക്കു് ചികിത്സ ചെയ്യാനാണു് പറഞ്ഞിരിക്കുന്നതു്. രോഗങ്ങൾക്കു് ചികിത്സചെയ്യാനല്ല എന്നു മനസ്സിലായിട്ടുള്ള ബുദ്ധിമാന്മാരായ വൈദ്യന്മാൎക്കു് "രോഗൌഷധനിരൂപണെ" എന്നല്ല "ദോഷൌഷധനിരൂപണെ" എന്നാണു് പഠിക്കേണ്ടതെന്നു മനസ്സിലാവുന്നതാണു്. ദോഷചികിത്സചെയ്തു് രോഗങ്ങളെ ശമിപ്പിക്കുവാനാരംഭിക്കുന്ന വൈദ്യൻ ദോഷൌഷധനിരൂപണമാണു് ചെയ്യേണ്ടതെന്നു പാമരന്മാൎക്കുകൂടി മനസ്സിലാവുന്നതാണു്. അതുകൊണ്ടു് "ദോഷൌഷധനിരൂപണേ" എന്നതിനു പകരം "രോഗൌഷധനിരൂപണെ" എന്നാകാമായിരുന്നു എന്നു് മി. വാര്യർ

പറഞ്ഞതു അബദ്ധംതന്നെയാണെന്നു പണ്ഡിതന്മാർക്കറിയാം.

ശ്രീമാൻ കൈക്കുളങ്ങര രാമവാര്യരവർകൾ എഴുതിയ വ്യാഖ്യാനം മി. വാര്യർ ഉദ്ധരിച്ചിരുന്നതുംകണ്ടു. പക്ഷെ അദ്ദേഹം പണ്ഡിതനായിരുന്നു എങ്കിലും അഷ്ടാംഗഹൃദയത്തിൽ പ്രക്ഷിപ്ത പദ്യങ്ങളുണ്ടെന്നു് മനസ്സിലാവായ്കയാണു് അദ്ദേഹം അങ്ങിനെ വ്യാഖ്യാനിച്ചതു്. വ്യാഖ്യാതാക്കന്മാർ പ്രായേണ മൂലം ശരിയാണോ എന്നു് ചിന്തിക്കാതെ വ്യാഖ്യാനിക്കാറുണ്ടെന്നു് പല ദിക്കിലും നോക്കിയാലറിയാം. പാണ്ഡുരോഗചികിത്സിതത്തിൽ "പിബേന്നികുംഭകല്ക്കം വാ ദ്വിഗുഡം ശീതവാരിണാ" എന്നുള്ള മൂലത്തെ "പിബേന്നികുംഭകല്ക്കം വാ ദ്വിഗുണം ശീതവാരിണാ" എന്നു് തെററായവിധം എഴുതിയിട്ടുള്ളതു് കണ്ടിട്ടു് അരുണദത്തൻ ആ മൂലം ശരിയാണോ എന്നാലോചിയ്ക്കാതെ "നികുംഭകല്ക്കം വാ പലദ്വയപ്രമാണം ശിശിരജലേന പിബേൽ" എന്നു് വ്യാഖ്യാനിച്ചിരിക്കുന്നു. രണ്ടുപലം നാഗദന്തിവേരു് അരച്ചു് കുടിച്ചാൽ ആ കുടിക്കുന്ന ആൾക്കു് പാണ്ഡുരോഗമെന്നല്ല പിന്നെ ഒരു രോഗവും ആ ജന്മത്തിൽ ഉണ്ടാവാനിടവരുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. ഇതുപോലെ തന്നെ "ഗർഭാശയോऽഷ്ടമഃസ്ത്രീണാം വസ്തിപക്വാശയാന്തരേ" എന്നുള്ള മൂലത്തെ "ഗർഭാശയോऽഷ്ടമഃ സ്ത്രീണാം പിത്തപക്വാശയാന്തരേ" എന്നിങ്ങനെ തെററായവിധം എഴുതികണ്ടിട്ടു് ആ മൂലം ശരിയാണോ എന്നാലോചിയ്ക്കാതെ അരുണദത്തൻ "പിത്തപക്വാശയയോരന്തരം മദ്ധ്യം തസ്മിൻ ഗർഭാശയഃ" എന്നു് വ്യാഖ്യാനിച്ചിരിക്കുന്നു. ഇതുപോലെതന്നെ ശ്രീമാൻ രാമവാര്യരും മററുപല വ്യാഖ്യാതാക്കന്മാരും വ്യാഖ്യാനിച്ചിരിക്കുന്നു. 4-ാം വാല്യം 11-ം 12-ം ലക്കങ്ങൾ കൂടിയ സാരഥിയിൽ ഞാൻ ശാസ്ത്രപരിഷ്കാരം എന്ന തലക്കെട്ടിൽ എഴുതിയിരിക്കുന്ന ലേഖനത്തിലും 9-ാം വാല്യം 9-ാം ലക്കം സാരഥിയിൽ വ്യാഖ്യാനദോഷംകൊണ്ടു പററിയ അപകടം എന്ന തലക്കെട്ടിൽ എഴുതിയിരിക്കുന്ന ലേഖനത്തിലും നോക്കിയാൽ ഇന്ദുവിന്റേയും പാഠ്യകാരന്റേയും

വാക്യപ്രദീപികാകാരൻെറയും മററും വ്യാഖ്യാനദോഷങ്ങൾ ധരിക്കാവുന്നതാണു്. "ദക്ഷപ്രജാപതി രോഗങ്ങളുടെ പേരുകളെ സലക്ഷണമാകുംവണ്ണം പറവാൻ ആരംഭിച്ചു" എന്നും മററും ആ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുള്ളതിൽ വലുതായ യുക്തിഭംഗം കാണുന്നുണ്ടു്. രോഗങ്ങൾ അസംഖ്യേയങ്ങളാണെങ്കിൽ സകല രോഗങ്ങളുടേയും പേരുകളും ലക്ഷണങ്ങളും ദക്ഷപ്രജാപതിക്കു് മനസ്സിലാവാൻ സംഗതിയില്ല. അങ്ങിനെ മനസ്സിലാവാത്ത ദക്ഷപ്രജാപതി സകല രോഗങ്ങളുടേയും പേരുകളെ സലക്ഷണമാകുംവണ്ണം പറയാമെന്നു കരുതി പറഞ്ഞുതുടങ്ങാനും സംഗതിയില്ലല്ലോ. ആയുസ്സിനെ പാലിക്കുന്ന വേദമാണു് ആയുർവ്വേദമെന്നു് സംഗ്രഹത്തിൽ പറഞ്ഞിരിക്കുന്നു. രോഗങ്ങൾക്കു് സംഖ്യയില്ലെങ്കിൽ എല്ലാ രോഗങ്ങളേയും അവയുടെ ചികിത്സകളേയും ആയുർവ്വേദത്തിൽ പറയാൻ സാധിക്കുന്നതുമല്ലല്ലോ. ആ സ്ഥിതിക്കു് ആയുസ്സിനെ പാലിക്കുന്ന വേദമാണു് ആയുർവേദമെന്നെങ്ങിനെയാണു് പറയുന്നതു്? ആയുർവ്വേദത്തിൽ പറയാത്ത രോഗങ്ങൾ ബാധിച്ചു് ആയുസ്സിനെ നശിപ്പിക്കുമല്ലോ. അപ്പോൾ അങ്ങിനെയുള്ള ആയുർവ്വേദം ആയുസ്സിൻെറ പാലകമല്ലാത്തതിനാൽ ആയുസ്സിനെ പാലിക്കുവാൻ വേണ്ടി ആയുർവ്വേദത്തെ പഠിച്ചിട്ടു് യാതൊരു പ്രയോജനവും ഇല്ലെന്നുവരും. പറയാത്തരോഗങ്ങൾ ഹേതുവിപൎയ്യയചികിത്സകൊണ്ടു് ചിലതു് ശമിക്കുമെങ്കിലും ചിലതു വ്യാധിവിപൎയ്യയചികിത്സ ചെയ്യാതെ ശമിക്കുന്നതല്ലെന്നു് വാഗ്ഭടാചാൎയ്യർ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു് ആയുർവ്വേദത്തിൽ സോപക്രമം സകല രോഗങ്ങളേയും പറഞ്ഞിട്ടുണ്ടെന്നും അവയെല്ലാം ബ്രഹ്മദക്ഷാദി പരമ്പരയാ ആത്രേയാദികളും അവരുടെശിഷ്യന്മാരും ധരിച്ചിട്ടുണ്ടെന്നും മഹൎഷിമാരുണ്ടാക്കിയ വൈദ്യതന്ത്രങ്ങളിൽ അവർ ധരിച്ച ആ എല്ലാരോഗങ്ങളേയും തച്ചികിത്സകളേയും പറഞ്ഞിട്ടുണ്ടെന്നുമാണു് മി. വാൎയ്യർ ധരിയ്ക്കേണ്ടതു്.

"മുൻപറഞ്ഞ ഭാഗങ്ങളിൽ നിന്നെല്ലാം രോഗങ്ങൾ അസംഖ്യേയങ്ങളാണെന്നും മനുഷ്യൎക്കു എല്ലാക്കാലത്തും ഉണ്ടാകുന്ന എല്ലാരോഗങ്ങളുടേയും നാമനിർദ്ദേശത്തോടുകൂടിയ ചികിത്സകൾ മഹൎഷിമാർ അവരുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടില്ലെന്നും എന്നാൽ പുതിയ രോഗങ്ങൾക്കും ചികിത്സിയ്ക്കേണ്ട മാൎഗ്ഗം കാണിച്ചു തന്നിട്ടുണ്ടെന്നും ഉള്ള എന്റെ അഭിപ്രായം ദൃഢവും അഖണ്ഡനീയവുമാണെന്നു മി. മേനോന്നു ബോദ്ധ്യപ്പെട്ടിരിക്കുമെന്നും വിശ്വസിക്കുന്നു" എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

എന്നാൽ മി. വാര്യർ അഷ്ടാംഗഹൃദയം ചരകം മുതലായതിൽനിന്നും രോഗങ്ങൾ അസംഖ്യേയങ്ങളാണെന്നു സ്ഥാപിക്കുവാൻ ചില പ്രക്ഷിപ്തപദ്യങ്ങളേയും ചില വ്യാഖ്യാനങ്ങളേയും ഉദ്ധരിച്ചിരുന്നവയെ എന്റെ ഈ ലേഖനത്തിൽ തന്നെ ഇതിനുമുമ്പിൽ ഓരോ ഭാഗങ്ങളിൽ ഞാൻ യുക്തിയുക്തമായി ഖണ്ഡിച്ചിട്ടുണ്ടെന്നു ഈ ലേഖനം മുഴുവനും വായിക്കുന്ന പണ്ഡിതന്മാൎക്കറിയാം. പുതിയ രോഗങ്ങളുണ്ടായാൽ അവയ്ക്കു ചികിത്സിക്കുവാനുള്ള മാൎഗ്ഗം കാണിച്ചിട്ടുണ്ടെന്നു പറയുന്നതു ഹേതുവിപൎയ്യയചികിത്സയാണല്ലോ. ദോഷങ്ങളുടെ ചികിത്സ പറഞ്ഞിട്ടുള്ളതുകൊണ്ടു ഹേതുവിപൎയ്യയചികിത്സ ചെയ്യാമെങ്കിലും മഹൎഷിമാർ പറയാത്ത വ്യാധികളുണ്ടെങ്കിൽ അവയുടെ ചികിത്സകളും പറഞ്ഞിട്ടുണ്ടാവാനിടയില്ലല്ലോ. അപ്പോൾ ഹേതുവിപൎയ്യയചികിത്സകൊണ്ടു ശമിക്കാത്ത ആ വ്യാധികളെ വ്യാധിവിപൎയ്യയചികിത്സചെയ്തു ശമിപ്പിക്കുവാൻ സാധിക്കുന്നതല്ല ആ രോഗങ്ങളെക്കൊണ്ടു ചിലർ മരിയ്ക്കാനിടവരുമ്പോൾ മഹൎഷിമാർ തപസ്സുചെയ്യുന്നതിനിടയ്ക്കു മനുഷ്യരെ രോഗവിമുക്തന്മാരാക്കാൻ വേണ്ടി വൈദ്യതന്ത്രങ്ങളെ നിൎമ്മിച്ചതു വിഫലമാകുകയും ചെയ്യുമല്ലോ. ദിവ്യദൃഷ്ടിയുള്ള മഹൎഷിമാൎക്കു ഏതുകാലത്തുണ്ടാകുന്ന രോഗങ്ങളും ദിവ്യദൃഷ്ടികൊണ്ടു കണ്ടു അവയെ സോപക്രമം പറയുവാൻ സാധിക്കുന്നതാകയാൽ അവർ വൈദ്യതന്ത്രങ്ങളെ നിൎമ്മിച്ചതു

വിഫലമാവാതിരിയ്ക്കാൻവേണ്ടി എല്ലാ രോഗങ്ങളേയും സോപക്രമം പറഞ്ഞിട്ടുണ്ടെന്നു് തീർച്ചയാക്കാവുന്നതാണു്. അതുകൊണ്ടു് മഹർഷിമാർ എല്ലാരോഗങ്ങളുടേയും നാമനിർദ്ദേശത്തോടുകൂടിയ ചികിത്സ അവരുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടില്ലെന്നുള്ള മി. വാര്യരുടെ അഭിപ്രായം ശിഥിലവും ഖണ്ഡനീയവുമാണെന്നു് മി. വാര്യർക്കിപ്പോൾ ബോധ്യപ്പെട്ടിരിക്കുമെന്നു് വിശ്വസിക്കുന്നു.

"മഹർഷിമാർക്കു് സകലരോഗങ്ങളുടേയും ചികിത്സാനിർദ്ദേശവും നാമനിർദ്ദേശവും ചെയ്യുവാൻ കഴിവുണ്ടായിരുന്നോ ഇല്ലയോ എന്നുള്ളതല്ലല്ലോ നമ്മുടെ വാദവിഷയം; പറഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നാണല്ലോ. പറഞ്ഞിട്ടില്ലാ എന്നു് സ്ഥാപിയ്ക്കുന്നതിനു് ഇതിൽ കൂടുതൽ തെളിവു് വേണമെന്നു് തോന്നുന്നില്ല" എന്നു് മി. വാര്യർ പറഞ്ഞിട്ടുള്ളതിന്റെ സമാധാനം അടുത്തു് മുമ്പിൽ വിശദീകരിച്ചിട്ടുണ്ടു്.

ഇനി മഹർഷിമാർ പറയാത്ത വല്ലരോഗങ്ങളുമുണ്ടെങ്കിൽ അവ ഇന്നിന്നതാണെന്നും ഹേതുവിപര്യയചികിത്സകൊണ്ടു് ശമിക്കാത്ത ആ രോഗങ്ങൾക്കു് വ്യാധിവിപര്യയചികിത്സ എങ്ങിനെ ചെയ്യുമെന്നും മി. വാര്യർ വിശദീകരിച്ചുകണ്ടാൽ കൊള്ളാം.

'സൂത്രസ്ഥാനം മാത്രം പഠിച്ചതുകൊണ്ടും ഹേതുവിപര്യയചികിത്സചെയ്തു് ഒരാൾക്കു രോഗങ്ങളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നു കാണിക്കുവാനാണു് ആചാര്യൻ "തസ്മാദവികാരപ്രകൃതിഃ" ഇത്യാദി ഭാഗങ്ങൾ പ്രസ്താവിച്ചിരിക്കുന്നതെന്നു് മി. മേനോൻ പറയുന്നതിൽ എനിക്കു് ആശ്ചര്യംതോന്നുന്നു. അതിനു സമാധാനം ആയുഷ്കാമീയം എന്ന പ്രഥമാദ്ധ്യായം പഠിച്ചാലും എല്ലാ രോഗങ്ങളേയും ചികിത്സിക്കുവാൻ സാധിക്കുമെന്നു് ആചാര്യനു് ഉദ്ദേശമുണ്ടായിരുന്നു എന്നു് പറയുന്നതായിരിക്കും'എന്നുപറഞ്ഞിട്ടു് മി. വാര്യർ ആദ്യത്തെ അദ്ധ്യായത്തിൽതന്നെ ദോഷങ്ങൾ അവയുടെ സ്ഥാനങ്ങൾ മുതലായവയെപ്രസ്താവിച്ചിട്ടുണ്ടല്ലോ എന്നുംപറഞ്ഞിരിക്കുന്നു.

എന്നാൽ അദ്ദേഹം ആശ്ചര്യം തോന്നുന്നു എന്നെഴുതിയതിൽ എനിക്കു് അത്യാശ്ചര്യമാണു് തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ ആയുഷ്കാമീയത്തിൽ ദോഷങ്ങൾ വികൃതങ്ങളായാൽ മരിപ്പിക്കുമെന്നു് പറഞ്ഞിട്ടുണ്ടെങ്കിലും വാതപിത്തകഫങ്ങൾ വികൃതങ്ങളായാലുണ്ടാകുന്ന ലക്ഷണങ്ങൾ അതിൽ പറഞ്ഞിട്ടില്ല. അതുകൊണ്ടു് അതുകൾ വികൃതങ്ങളായിട്ടുണ്ടോ എന്നറിയാൻ നിവൃത്തിയില്ല. ശമനാദികളായിട്ടു് മൂന്നു പ്രകാരേണ ദ്രവ്യങ്ങളുണ്ടെന്നു് പറഞ്ഞിട്ടുണ്ടെന്നല്ലാതെ ഇന്നിന്ന ദ്രവ്യങ്ങളാണു് ശമനങ്ങൾ എന്നും മററും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല രണ്ടു വീര്യങ്ങളുണ്ടെന്നു് പറഞ്ഞിട്ടുണ്ടെങ്കിലും ഉഷ്ണവീര്യം എന്തെല്ലാം കർമ്മങ്ങളെ ചെയ്യുമെന്നും ശീതവീര്യം എന്തെല്ലാം കർമ്മങ്ങളെ ചെയ്യുമെന്നും ഉഷ്ണവീര്യങ്ങളും ശീതവീര്യങ്ങളുമായ ദ്രവ്യങ്ങൾ ഇന്നിന്നതാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. വിപാകം മൂന്നുപ്രകാരേണ ഉണ്ടെന്നു് പറഞ്ഞിട്ടുണ്ടെങ്കിലും അവ എന്തെല്ലാം കർമ്മങ്ങളെ ചെയ്യുമെന്നും മധുരാദിവിപാകമുള്ള ദ്രവ്യങ്ങൾ ഇന്നിന്നതാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ആയുഷ്കാമീയത്തിൽ വായ്വാദികൾക്കു് വസ്ത്യാദികളായവ പരമൌഷധമാണെന്നു് പറഞ്ഞിട്ടുണ്ടെങ്കിലും അനുവാസനം, നിരൂഹം, ഉത്തരവസ്തി, മാത്രാവസ്തി ഇങ്ങിനെ വസ്തി പലവിധത്തിലുണ്ടെന്നും അവയുടെ മാത്രകൾ വയോഭേദേന ഇത്ര ഇത്രയാണെന്നും വസ്തിയന്ത്രങ്ങൾ ഇന്നിന്നവിധമാണുണ്ടാക്കേണ്ടതെന്നും ഇന്നിന്നവർ ആസ്ഥാപ്യന്മാരാണെന്നും ഇന്നിന്നവർ ആസ്ഥാപ്യന്മാരല്ലെന്നും ഇന്നിന്നവർ അനുവാസ്യന്മാരാണെന്നും ഇന്നിന്നവർ അനുവാസ്യന്മാരല്ലെന്നും അനുവാസനാദികളായ വസ്തികൾ ഇന്നിന്നസമയങ്ങളിലാണു് ചെയ്യേണ്ടതെന്നും മൂന്നോ നാലോ അനുവാസനം കഴിഞ്ഞിട്ടുവേണം ആസ്ഥാപനം ചെയ്യുവാനെന്നും രണ്ടോ മൂന്നോ ആസ്ഥാപനം കഴിഞ്ഞിട്ടുവേണം ഉത്തരവസ്തി ചെയ്യുവാനെന്നും അനുവാസനം ഇത്രനേരം ഉള്ളിൽ കിടക്കാമെന്നും ആസ്ഥാപനം

ഇത്രനേരം ഉള്ളിൽ കിടക്കാമെന്നും അവ പുറത്തേക്കു പോയില്ലെങ്കിൽ ഇന്നിന്ന പ്രവൃത്തികൾ ചെയ്യേണമെന്നും അവയുടെ സമ്യഗ്ഘീനാതിയോഗലക്ഷണങ്ങൾ ഇന്നിന്നതാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. വിരേകം ഇന്നസമയത്താണ് ചെയ്യേണ്ടതെന്നും ഇന്നിന്നവർ വിരേച്യന്മാരാണെന്നും ഇന്നിന്നവർ വിരേച്യന്മാരല്ലെന്നും വിരേകത്തിൻെറ സമ്യഗ്ഘീനാതിയോഗലക്ഷണങ്ങൾ ഇന്നിന്നതാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ഇതുപോലെ വമനം ഇന്ന സമയത്താണ് ചെയ്യേണ്ടതെന്നും വമ്യന്മാരിന്നവരാണെന്നും അവാമ്യന്മാരിന്നവരാണെന്നും വമനത്തിൻെറ സമ്യഗ്ഘീനാതിയോഗലക്ഷണങ്ങളും പേയാദിക്രമവും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ഛർദ്ദനാദ്യൌഷധങ്ങളും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ഈ പറഞ്ഞ വസ്ത്യാദികൾ സ്നിഗ്ദ്ധസ്വിന്നശരീരന്മാക്കാണ് ചെയ്യേണ്ടതെന്നും സ്നിഗ്ദ്ധനാക്കുന്നതിന്നു ഇന്നിന്ന കാലങ്ങളിൽ ഇന്നിന്ന സ്നേഹങ്ങളെയാണ് പാനം ചെയ്യേണ്ടതെന്നും ശോധനസ്നേഹം ഇന്ന സമയത്താണ് പാനം ചെയ്യേണ്ടതെന്നും അതിൻെറ മാത്ര ഇത്രയാണെന്നും അസ്നിഗ്ദ്ധസമ്യക്സ്നിഗ്ദ്ധാതിസ്നിഗ്ദ്ധന്മാരായാൽ കാണുന്ന ലക്ഷണങ്ങൾ ഇന്നിന്നതാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ഇന്ന ദിക്കിൽ വെച്ചാണ് സ്വേദിപ്പിക്കേണ്ടതെന്നും ഇന്ന സമയത്താണ് സ്വേദിപ്പിക്കേണ്ടതെന്നും വാതപിത്തകഫപീഡിതന്മാക്ക് ഇന്നിന്നവിധമുള്ള സ്വേദങ്ങളാണ് വേണ്ടതെന്നും ഇന്നിന്നവർ സ്വേദ്യന്മാരല്ലെന്നും ഇന്നിന്നവർ സ്വേദ്യന്മാരാണെന്നും സമ്യക്സ്വിന്നനായാൽ കാണുന്ന ലക്ഷണങ്ങളും അതിസ്വിന്നനായാൽ കാണുന്ന ലക്ഷണങ്ങളും ഇന്നിന്നതാണെന്നും സ്വേദാതിയോഗത്തിൽ ഇന്നതാണ് ചെയ്യേണ്ടതെന്നും സമ്യക്സ്വിന്നൻ ചെയ്യേണ്ടതിന്നതാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. വാതശമനത്തിന്നു വേഷ്ടനത്രാസനാദികൾ ചെയ്യേണമെന്നും പിത്തശമനത്തിന്നു സുഗന്ധശീത

ഹൃദ്യങ്ങളായ ഗന്ധോപന്യാസാദികൾ ചെയ്യേണമെന്നും കഫശമനത്തിന്ന ജാഗരണധൂമോപവാസഗണ്ഡൂഷങ്ങളെ ശീലിക്കേണമെന്നും മരുൽപിത്തകോപത്തിൽ ഗ്രൈഷ്മചര്യയും കഫമാരുതകോപത്തിൽ വാസന്തചര്യയും കഫപിത്തകോപത്തിൽ ശരച്ചര്യയുമാണ് അനുഷ്ഠിക്കേണ്ടതെന്നും സാമങ്ങളായ ദോഷങ്ങളുടെ ലിംഗം സ്രോതോരോധാദികളാണെന്നും നിരാമങ്ങളായ ദോഷങ്ങളുടെ ലിംഗം സാമങ്ങളായ ദോഷങ്ങൾക്ക് പറഞ്ഞ ലിംഗത്തിൽനിന്നും വിപരീതമാണെന്നും അന്യസ്ഥാനത്തിൽ ചെന്ന് വികാരങ്ങളെ ഉണ്ടാക്കുന്ന ദോഷങ്ങൾ അബലങ്ങളാണെങ്കിൽ ഇന്നതാണ് ചെയ്യേണ്ടതെന്നും പ്രബലങ്ങളാണെങ്കിൽ ഇന്നതാണ് ചെയ്യേണ്ടതെന്നും ഇന്നിന്നകാലങ്ങളിലാണ് ഗ്രീഷ്മാദികളിൽ ചിതങ്ങളായ വായ്വാദികളെ നിർഹരിക്കേണ്ടതെന്നും അന്നന്നാദികളായ ഔഷധങ്ങൾ ഇന്നിന്ന ദോഷകോപശമനത്തിനാണ് ഉപയോഗിക്കേണ്ടതെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ബൃംഹണമെന്നും ലംഘനമെന്നും രണ്ടുവിധം ഉപക്രമമുണ്ടെന്നും ഇന്നിന്നവൎക്ക് ബൃംഹണോപക്രമമാണ് ചെയ്യേണ്ടതെന്നും ഇന്നിന്നവൎക്ക് ലംഘനോപക്രമമാണ് ചെയ്യേണ്ടതെന്നും ബൃംഹണം വേണ്ടവിധമായാലുണ്ടാകുന്ന ലക്ഷണങ്ങളും ലംഘനം വേണ്ടവിധമായാലുണ്ടാകുന്ന ലക്ഷണങ്ങളും ഇന്നിന്നവയാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ഊൎദ്ധ്വജത്രുവികാരങ്ങളിൽ ദോഷങ്ങളെ ശമിപ്പിക്കുവാൻ നസ്യം ചെയ്യേണമെന്നും വിരേചനാദിഭേദേന നസ്യം മൂന്നുവിധമുണ്ടെന്നും വിരേചനാദിനസ്യങ്ങൾ ഇന്നിന്ന രോഗങ്ങളിലാണ് ചെയ്യേണ്ടതെന്നും ഇന്നിന്നദ്രവ്യങ്ങളെക്കൊണ്ടാണ് അവ ചെയ്യേണ്ടതെന്നും അവയുടെ മാത്രകളിന്നിന്നതാണെന്നും ഇന്നിന്നവിധമുള്ള യന്ത്രംകൊണ്ടാണ് നസ്യം ചെയ്യേണ്ടതെന്നും ഇന്നവിധമാണ് നസ്യം ചെയ്യേണ്ടതെന്നും ഇന്നിന്ന ദോഷശമനത്തിന് ഇന്നിന്ന സമയങ്ങളിലാണ് നസ്യം ചെയ്യേണ്ടതെന്നും ഇന്നിന്നവർ നസ്യാനൎഹന്മാരാണെന്നും

നസ്യത്തിനു് പ്രധാനമായ അണുതൈലം കാച്ചേണ്ടതു് ഇന്നവിധമാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ധൂമഗണ്ഡൂഷങ്ങൾ കഫശമനങ്ങളാണെന്നു് ദോഷോപക്രമണീയത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അവ ഇന്നിന്നവിധമാണു് ഉപയോഗിക്കേണ്ടതെന്നും ധൂമഗണ്ഡൂഷങ്ങൾ ഇന്നിന്നഔഷധങ്ങളെക്കൊണ്ടാണു് ഉപയോഗിക്കേണ്ടതെന്നും ഇത്രഇത്ര വയസ്സിൽ കുറഞ്ഞവക്കു ധൂമഗണ്ഡൂഷങ്ങൾ നിഷിദ്ധങ്ങളാണെന്നും ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. നേത്രരോഗങ്ങൾക്കു് ദോഷകോപാനുസാരേണ സാമാന്യേന ഉപയോഗിക്കാവുന്ന ആശ്ച്യോതനാഞ്ജനതർപ്പണപുടപാകവിധികളെ ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ശല്യങ്ങൾ ദേഹത്തിൽ പ്രവേശിച്ചിട്ടുണ്ടാകുന്ന ആഗന്തുവ്രണങ്ങളുടെ ചികിത്സ ചെയ്യുന്നമെങ്കിൽ ശല്യനിഷ്കാസനം ആവശ്യമാകയാൽ അതിനു് യന്ത്രശസ്ത്രങ്ങൾ വേണ്ടിവരുമല്ലോ. യന്ത്രശസ്ത്രങ്ങളെ ഇന്നിന്ന വിധമുണ്ടാക്കണമെന്നു് ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. രക്തജങ്ങളായ രോഗങ്ങളെ ശമിപ്പിക്കുവാൻ സിരാവ്യധാദികൾ ആവശ്യമാണല്ലോ. അവയെ ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. നിജവ്രണങ്ങളുടെ ആമാവസ്ഥയിലും പകാവസ്ഥയിലും ചെയ്യേണ്ടവ ഇന്നിന്നതാണെന്നു ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ദുഃഖാവചാൎയ്യശസ്ത്രങ്ങളായും ശസ്ത്രകൎമ്മംകൊണ്ടു് ശമിയ്ക്കാത്തവയായും ഇരിക്കുന്ന രോഗങ്ങളിൽ ക്ഷാരാഗ്നികൎമ്മങ്ങൾ വേണ്ടിവരുമല്ലോ. അവ ആയുഷ്കാമീയത്തിൽ പറഞ്ഞിട്ടില്ല. ഈ സ്ഥിതിക്കു് ആയുഷ്കാമീയം എന്ന പ്രഥമാദ്ധ്യായം പഠിച്ചാലും എല്ലാരോഗങ്ങളും ചികിത്സിക്കുവാൻ സാധിക്കുമെന്നു് ആചാൎയ്യനു് ഉദ്ദേശമുണ്ടായിരുന്നു എന്നു് മി. വാൎയ്യരെപ്പോലെയുള്ള പാമരന്മാരല്ലാതെ പണ്ഡിതന്മാരാരും പറയുന്നതല്ല.

"പ്രഥമാദ്ധ്യായമോ അല്ലെങ്കിൽ സൂത്രസ്ഥാനംമാത്രമോ പഠിച്ചാൽ മതിയോ എന്നു് പണ്ഡിതന്മാർ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ" എന്നും മി. വാൎയ്യർ പറഞ്ഞിട്ടുണ്ടു്. ഹേതു

പത്ഥ്യചികിത്സചെയ്യുന്നതിന്ന് അഷ്ടാംഗഹൃദയത്തിലെ സൂത്രസ്ഥാനം മാത്രം പഠിച്ചാൽമതി എന്ന് ബുദ്ധിമാന്മാരായ വൈദ്യന്മാക്കറിയാം. "ചരകം പഠിക്കുന്ന ഒരാൾക്ക് ചരകത്തിലെ സൂത്രസ്ഥാനവും സുശ്രുതത്തെ പ്രാമാണ്യഗ്രന്ഥമായികരുതുന്ന ഒരാൾക്ക് അതിലെ സൂത്രസ്ഥാനവും പഠിച്ചാൽ മതിയോ എന്നുകൂടി അറിവാനാഗ്രഹമുണ്ട്" എന്നും മി. വാര്യർ പറഞ്ഞിട്ടുണ്ട്. പക്ഷെ ചരകത്തിലേയും സുശ്രുതത്തിലേയും സൂത്രസ്ഥാനങ്ങൾ പഠിച്ചാൽ ഹേതുവിപത്ഥ്യചികിത്സ ചെയ്യാൻ സാധിക്കുന്നതല്ലെന്ന് അവയിൽ പറയുന്ന വിഷയങ്ങളെ ശരിയായി ധരിച്ചിട്ടുള്ള വൈദ്യന്മാക്കറിയാം.

ഞാൻ പ്രധാനമായി പറഞ്ഞിട്ടുള്ളതു് എന്താണെന്നു നോക്കി അതിനാണ് മി. വാര്യർ മുമ്പെ സമാധാനം പറയേണ്ടതു്. അസ്ഥി ഒരിയ്ക്കലും ഉരുകുന്നതല്ല ഉരുകാതെ സ്രവിയ്ക്കയുമില്ല അതുകൊണ്ട് അസ്ഥിസ്രാവമെന്നൊരു രോഗമില്ല. ആത്തവം രസവണ്ണമായാൽ അതിനെ അസ്ഥിസ്രാവമെന്ന് പറയാവുന്നതുമല്ല. രണ്ടുവിധമുള്ള അസ്ഥിസ്രാവത്തിനും ചികിത്സ ഒന്നാവാൻ സംഗതിയില്ല. അഗ്നിസംയോഗം കൊണ്ടും ആസിഡ് മുതലായ അമ്ലദ്രവ്യസംയോഗംകൊണ്ടും പുറത്തു കിടക്കുന്ന അസ്ഥിയിലെ സൗമ്യാംശം നശിക്കുമെങ്കിലും അവ ഉള്ളിലേക്കുപയോഗിക്കാവുന്നതുമല്ല സൌമ്യാംശം നശിക്കുന്നതുകൊണ്ടു് ഉരുകുമെന്ന് വരുന്നില്ല. ആതപാദികളെക്കൊണ്ടു് വിറകിലെ സൌമ്യാംശം നശിക്കുന്നുണ്ടെങ്കിലും ഉരുകുന്നില്ലല്ലോ. അത്യുഷ്ണതീക്ഷ്ണങ്ങളായ ആഹാരാദികളെക്കൊണ്ടു് കോപിക്കുന്നതു പിത്തമാണെല്ലോ. ബാഹ്യാഗ്നിക്ക് ഉരുക്കുവാൻ സാധിക്കാത്തതായ അസ്ഥിയെ പിത്തത്തിന്ന് ഒരിക്കലും ഉരുക്കുവാൻ സാധിക്കുന്നതുമല്ല. പിത്തം കോപിച്ച് അസ്ഥിയിൽ സ്ഥിതമായാൽ ദാഹത്തെ (സർവ്വാംഗസന്താപത്തെ) ഉണ്ടാക്കുമെന്നുമാത്രമേ സംഗ്രഹത്തിൽ പറഞ്ഞിട്ടുള്ളു. രസവിദാഹംകൊണ്ടു് ആത്തവം ദുഷിച്ച് രസവണ്ണമാകുമെങ്കിൽ ബീജാസമത്ഥങ്ങളായ

രേതോസ്രങ്ങളെ പറയുന്നപ്രകരണത്തിൽ അതിനേയും വാഗ്ഭടന്മാർ പറയുവാൻ സംഗതിയുണ്ട് എന്നും മററും ഞാൻ പറഞ്ഞിരുന്നതിന്ന് പ്രത്യേകം പ്രത്യേകം സമാധാനം പറയണം. മി. വാര്യർ പറഞ്ഞിട്ടുള്ളതു് ഉന്മത്തപ്രലാപമാണെന്ന് ഞാൻ പലമിക്കിലും പറഞ്ഞിട്ടുള്ളതു് അപ്രകാരമല്ലെന്നും സ്ഥാപിക്കണം. പ്രധാനങ്ങളായ ഇതുകൾക്ക് സമാധാനം പറഞ്ഞിട്ട് അപ്രധാനങ്ങൾക്കു സമാധാനം പറഞ്ഞാൽ മതി.

കേരളീയായുർവ്വേദവൈദ്യസമാജം

ഷൊർണ്ണൂർ.

13-12-47-ൽ കൂടിയ പ്രവൎത്തകസമിതിയുടെ തീൎപ്പു
നുസരിച്ച് വൈദ്യസംഘത്തിൻെറ അടുത്ത
യോഗത്തിൽ ആലോചിക്കേണ്ടതായ

വിഷയങ്ങളെ താഴെ ചേൎക്കുന്നു

അഷ്ടാംഗഹൃദയത്തിൽ അദ്ധ്യായം 1.

ശ്ലോകം 43.

വിദ്രധിഗുല്മജഠരപാണ്ഡുശോഫവിസൎപ്പിഷു

വിദ്രധൌ ഗുല്മജഠരപാണ്ഡുശോഥ..........

പാഠഭേദങ്ങൾ ഇതിൽ ഏതാണ് സ്വീകരിക്കേണ്ടതു്.

ശ്ലോകം 46.

ത്രയശ്ചലൈവ ച സൎവ്വഗൌ

ത്രയോലൈവ ലൈവ ച സൎവ്വഗൌ

"വ്രണേ ഭംഗേ ഭഗന്ദരേ" എന്നു രണ്ടുവിധം കാണുന്നതിൽ രണ്ടാമത്തേതാണെങ്കിൽ അധികം യുക്തിയുണ്ട്.

അദ്ധ്യായം 2.

"സൌവ്വീരമഞ്ജനം" എന്ന വരിക്കശേഷം ലോചനേ തേനഭവത:സുസ്നിഗ്ദ്ധഘനപക്ഷ്മണീവ്യക്തത്രിവൎണ്ണേ വിമലെ മനോജ്ഞേ സൂക്ഷ്മദർശനെ, എന്നു് ഗ്രന്ഥപാഠവും, ചില പുസ്തകങ്ങളിൽ ഭുക്തവാംശ്ച ശിരസ്സ്നാത:ശ്രാന്ത:ഛർദ്ദന നാവനൈഃ "രാത്രൌ ജാഗരിതശ്ചാപിനാഞ്ജ്യാൽ ജ്വരിത ഏവച" എന്നു് അധികപാഠവും കാണുന്നുണ്ടു്.

ശ്ലോകം 12.

മർദ്ദയേതസമന്തത:- മർദ്ദയേച്ച സമന്തത: പാഠഭേ:

ശ്ലോകം 23.

"അവൃത്തിവ്യാധി ശോകാത്താൻ" എന്ന ശ്ലോകത്തിൽ യുക്തിത: എന്നുംശക്തിതഃ എന്നും പാഠഭേദമുണ്ടു്.

ശ്ലോകം 36.

"നാസീതോൽകുടികശ്ചിരം" എന്നും "നാസീതോല്ക്ക ടകശ്ചിരം" എന്നും ഭേദമുണ്ടു്.

ശ്ലോകം 38.

തഥാചത്വരചൈത്യാന്തശ്ചതുഷ്പഥ എന്നതിൽ ചൈ ത്യാന്തചതുഷ്പഥസുരാലയാൻ എന്നും ചൈത്യാന്തശ്ചതുഷ്പ ഥസുരാലയാൻ എന്നും പാഠഭേദമുണ്ടു്.

ശ്ലോകം 40.

മദ്യവിക്രയസന്ധാന ഇത്യാദി ശ്ലോകത്തിൽ ദാനപാനാനി എന്നും ദാനാദാനാനി എന്നും രണ്ടുവിധം പാഠമുണ്ടു്.

അദ്ധ്യായം 3.

ശ്ലോകം 1.

ശിശിരോഥവസന്തശ്ച ഗ്രീഷ്മവഷാശരദ്ധിമാഃ എന്നു് പുസ്തകത്തിൽ പാഠമുണ്ടു്.

ശ്ലോകം 13.

"പ്രവേണീകഥകാസ്തൃതം"—"പ്രവേണീകൌചവാ സ്തൃതം" പാഠഭേദഃ

ശ്ലോകം 22.

"നിഗദാനാസവാരിഷ്ടസീധു" എന്നതിൽ "നിർഗദാനാസവാരിഷ്ടസീധുമാർദ്വീകമാധവാൻ" എന്നും പാഠം.

ശ്ലോകം 23.

"മദ്ധ്വംബു ജലദാംബുവാ" "ജലദാംബുച" പാഠഭേദഃ

ശ്ലോകം 24.

'അദൃഷ്ടനഷ്ടസൂക്ഷ്മേഷു' അദൃഷ്ടാനഷ്ടസൂക്ഷ്മേഷു ,,

ശ്ലോകം 29.

"അന്യഥാ ശോഫശൈഥില്യദാഹമോഹാൻ" എന്നതിൽ "ശോഷശൈഥില്യദാഹമോഹാൻ" പാഠഭേദഃ

ശ്ലോകം 30.

"രാഗഷാഡവൌ" "രാഗഖാണ്ഡവൌ ,,

ശ്ലോകം 31.

"പാനകം പഞ്ചസാരാഖ്യം"

"പാനകം പഞ്ചസാരം വാ" പാഠഭേദഃ

ശ്ലോകം 37.

"പുത്രസ്ത്രീസ്തനഹസ്താസ്യ."

"പുസ്തസ്ത്രീസ്തനഹസ്താസ്യ" പാഠഭേദഃ

,, 38.

"ആസനം സ്വസ്ഥചിത്തസ്യ" "ആസനാ സ്വസ്ഥചിത്തസ്യ"

അദ്ധ്യായം 4.

ശ്ലോകം 6.

"മൂത്രജേഷുതു" മൂത്രജേഷുച" 32 33 എന്നീ ശ്ലോകങ്ങളുടെ മദ്ധ്യത്തിൽ അഥവ്വ വിഹിതാശാന്തിഃ പ്രതിക്രൂലഗ്രഹാച്ഛന്നം ഭൂതാദ്യസ്പൃശ്നോപായോ നിർദ്ദിഷ്ടശ്ച പൃഥക് പൃഥക് എന്നു് വ്യാഖ്യാനത്തിൽ അധികമുണ്ടു്.

അദ്ധ്യായം 5.

ശ്ലോകം 5.

"തദഭാവേച ഭ്രയിഷ്ഠം" "തദഭാവേച ഭ്രമിഷ്ഠം" ലൂതാദിതന്തുവിൺമൂത്ര എന്ന ശ്ലോകത്തിന്റെ ശേഷം തൽ കര്യാൽ സ്നാനപാനാഭ്യാം തൃഷ്ണാനാഹോദരജ്വരാൻ എന്നു് അധികം കാണ്മാനുണ്ടു്.

ശ്ലോകം 18.

18-ാം ശ്ലോകത്തിനുശേഷം "പാനീയന്നതുപാനീയം പാനീയേന്യപ്രദേശജെ. അജീൎണ്ണേ കഫംതംചാമെ പകെ ജീൎണ്ണേപിനേതരൽ. ശീതെ വിധിരയംതപ്തേ്തജീൎണ്ണേ ശിശിരം ത്യജേൽ. അതിയോഗേന സലിലം തൃഷ്യതോപി പ്രയോജിതം. പ്രയാതി ശ്ലേഷ്മപിത്തത്വം ജ്വരിതസ്യവി ശേഷതഃ പാനീയം പ്രാണിനാം പ്രാണാവിശ്വമേവച തന്മ യം അതോത്യന്തനിഷേധേന ന കചിദ്വാരിവാൎയ്യതെ. ആ സ്യശോഷാങ്ഗസാദാദ്യാ മൃത്യുൎവ്വാതദ്ധ്രുവംഭവേത്. നഹി തോയാ ദിനാവൃത്തിഃസ്വസ്ഥസ്യ വ്യാധിതസ്യ വാ" ഇങ്ങിനെ നാല രശ്ലോകം ഗ്രന്ഥത്തിൽ അധികമുണ്ടു്.

പയോഭിഷ്യന്ദി എന്ന വരിക്കുശേഷം വിനാത്തുവനിതാ സ്തന്യമാമമേവഹിതം ത്തു തൽ എന്നു് അധികം കാണുന്നുണ്ടു്.

ശ്ലോകം 33.

"കുഷ്ഠപാണ്ഡ്വാമയപ്രദം" "കുഷ്ഠപാണ്ഡുഭ്രമപ്രദം

പാഠഭേദഃ

ശ്ലോകം 34.

ശോഫോദരാശോഗ്രഹണീമൂത്രകൃഛ്റജ്വരാരുചീഃ "

"ഗ്രഹണീദോഷമൂത്രഗ്രഹാരുചീഃ" സംഗ്രാഹി വാത പിത്താസൃക്‌ക്ഷയാശോൎത്തിതകാസജിൽ എന്ന വരിക്കുശേ ഷം ചക്ഷുഷ്യംബാലവൃദ്ധാനാം പ്രശസ്തം സൌകുമാൎയ്യകൃൽ എന്നു ഗ്രന്ഥപാഠമുണ്ടു്.

ശ്ലോകം 39.

'വയസഃസ്ഥാപനം പരം' 'വയസഃസ്ഥാപനം ഘൃതം' 'സഹസ്രവീര്യം വിധിഭിഃശ്രുതം' 'വിധിഭിർഘൃതം. കീലാട പീയൂഷക്രചികാമോരടാദയഃ' 'ക്രൂർച്ചികാമോരണാദയഃ" രൂക്ഷം കഷായമധുരം തത്തുല്യാ മധുശക്കരാ' എന്നതിന്നശേഷം 'യക്ഷ്മാർശോർദ്ദിതപിത്താസൃങ്ങ്നാശനം ഗ്രാഹി ദീപനം' എന്നു് അധികമുണ്ടു്. ഉമാകുസുംഭജം ചോഷ്ണം എന്ന വരിക്കശേഷം തിലതൈലംവരം തത്ര കൌസുഭമവരം പരം എന്നു് അധികമുണ്ടു്. വാതശ്ലേഷ്മഹരംയുക്ത്യാ പീതം എന്ന വരിക്കശേഷം ദ്രാക്ഷേക്ഷവഃ സഖർജ്ജൂരാഃ ശാലിപിഷ്ടം യവസ്യ ച. പഞ്ചമദ്യകരാ ശ്രേഷ്ഠാഃ ദ്രാക്ഷാ തേഷാം വിശിഷ്യതെ എന്നും അധികമുണ്ടു്.

ശ്ലോകം 65.

"ഗുരുതദ്ദോഷജനനം" "ഗുരുത്രിദോഷജനനം പാഠഭേദഃ വ്രണെ പാണ്ഡ്വാമയെ" എന്ന വരിക്ക ശേഷം വിഷ്ടംഭിനീ യവസുരാ ഗുർവ്വീവൃഷ്യാ ത്രിദോഷളാ എന്നുഅധികമുണ്ടു്. ശസ്ത്രമാസ്ഥാപനെ എന്ന വരിക്കശേഷം "ഗണ്ഡൂഷധാരണാദചക്ത്രമലദൌർഗന്ധ്യനാശനം" എന്നും "ഏഭിരേവഗുണൈർയ്യുക്തെ സൌവീരകതുഷോദകെ. കൃമിഹൃദ്രോഗഗുന്മാശ്: പാണ്ഡുരോഗനിബർഹണെ തൈർഭേദവദപിതുഷൈർവ്വിഭ്യാൽ സതുഷൈശ്ച യവൈഃ കൃതെ എന്നും അധികപാഠം കാണുന്നു.

അദ്ധ്യായം 6.

ശ്ലോകം 1.

രക്തോമഹാൻ സകളമഃ എന്ന ശ്ലോകത്തിന്നശേഷം 'പൃണ്ഡ്രപാണ്ഡുഃ പുണ്ഡരീകഃപ്രമോദൊ ഗൌരസാരിബൌ കാഞ്ചനോ മഹിഷ: തൂകോ ദൂഷകഃ കുസുമാണ്ഡകഃ ലാങ്ഗലാലോഹവാലാഖ്യാഃ കർദ്ദമാഃ ശീതഭീരുകാഃ ഇങ്ങിനെ മൂന്നു വരി അധികമുണ്ടു്.

ശ്ലോകം 5.

മററാംസ്തം ചാന്നകളമഃ 'മഹാംസ്തമന്നകളമഃ' പാഠഭേദ:

,, 9.

കുക്കടോണ്ഡകലാബാക്ഷഃ—ലാബാഖ്യ = പാലാക്യ ഇങ്ങിനെ മൂന്നുവിധം ഉണ്ട്. പത്ഥ്യാ നംടീമുഖീ എന്നീ വരികശേഷം 'നിസ്സാരാ വാതളാ രൂക്ഷാജ്ജുന്നാഢ്മാനകരാസരാ' എന്നു് അധികം പാഠമുണ്ട്. മേദഃ ശ്ലേഷ്മാസ്രപിത്തേഷു എന്ന വരിക്കശേഷം അസൃക്പിത്തഹരോരൂക്ഷോ വാതളശ്ചണകഃ സ്മൃതഃ എന്നു് അധികമുണ്ട്. ശീഘ്രജന്മ തഥാസൂപ്യം എന്ന വരിക്കശേഷം യവഗോധൂമമാഷാശ്ച തിലാശ്ചാഭിനവാഹിതാഃ" പുരാണാവിരസാഃ സൂക്ഷ്മാന തഥാത്ഥകരാമതാഃ എന്നു് അധികമുണ്ട്. സ്വധൌതഃപ്രസ്രുതഃ സ്വിന്നസ്ത്യക്തോഷ്മാ ചൌദനോ ലഘുഃ എന്ന ദിക്കിൽ "സ്വിന്നോത്യക്തോഷ്മാ ചൌദനോ ലഘുഃ എന്നു് പാഠഭേദം. അകൃതം കൃതയൂഷം ച തനുസംസ്കാരിതാരസം സൂപമല്പമനല്പം ച ഗുരുവിദ്യാദ്യഥോത്തരം എന്നു് ചില പുസ്തകങ്ങളിൽ അധികമുണ്ട്. വിഷ്ടംഭിമൂത്രളം ഹൃദ്യം എന്ന വരിക്കശേഷം പ്രഭൃതാഭ്യന്തരമലോമാഷസൂപഃപരം സ്മൃതഃ വിദ്യാല്പഷെ രസെ സൂപെ ശാകെ ചൈവോത്തരോത്തരം ഗൌരവം തനു സാന്ദ്രാമ്ലസപാദ്ദഷേപഷു പൃഥക്തഥാ. എന്നു് അധികം.

,, 38.

ശ്രമനേത്രാമയവ്രണാൻ—ശ്രമനേത്രഗളാമയാൻ.

പാഠഭേദ:

പിണ്യാകോ ഗ്ലപനോരൂക്ഷോ എന്ന വരിക്കശേഷം രൌക്ഷ്യാദവിഷ്ടംഭതേകോഷ്ഠേ വിഷ്ടംഭിതപാദവിദഹ്യതേ വിദാഹാൽ കരുതേ ഗ്ലാനിം പിണ്യാകോ നിശിസേവിത: എന്നധികമുണ്ട്.

ശ്ലോകം 43.

ററരിണ്ണേണകരംഗര്ശ്യ—കരംഗർക്ഷ പാഠഭേദഃ

രാജീചിള്ളിചിമാര്യാശ്ച എന്നതിനുശേഷം മൃഗ്യംക്വെഷ്കിരികം കിഞ്ചപ്രാത്തുമഞ്ചവിലേശയം പ്രസഹഞ്ചമഹാമൃഗ്യമച്ചരം മാത്സ്യമഷ്ടധാ എന്നു് പുസ്തകപാഠം അധികമുണ്ടു്. ഗ്രാഹീ വർണ്ണ്യോനിലൊഗ്രികത എന്നതിനുശേഷം ധന്വാനൂപവിചാരിതവാൽ സ്നിഗ്ദ്ധോഷ്ണഗുരുബൃംഹണഃ എന്ന ഗ്രന്ഥപാഠമുണ്ടു്. മത്സ്യാഃപരം കഫകരാഃ എന്നതിനുശേഷം മത്സ്യാദിപക്ഷിണാംചൈവ ഗുരുണ്യണ്ഡാനിചാദിശേൽ. താനിസ്നിശ്ധാനി വൃഷ്യാണി സ്വാദുപാകരസാനിച. എന്നു് ചില പുസ്തകങ്ങളിൽ അധികമുണ്ടു്.

ശ്ലോകം 68.

സ്വയംമൃതം കൃശംപൂതി. മൃതം കൃശം ഭൃശം മേദ്യം എന്നു് പാഠഭേദഃ

ശ്ലോകം 72.

പാഠാശറീശ്രൂഷാ—പാഠാശറീ സൂഷാഃ

ശ്ലോകം 77.

കരീരംക്രുലകംനന്ദീകബേലാ. കുവൈലാ.

കറില്ലംകേബുകം. കടില്ലം കേംബുകം

കാരവേല്ലം സകടുകം ദീപനം കഫപിത്തജിൽ കഫജിൽപരം.

ശ്ലോകം 83.

ഗുഞ്ജനം വാതപിത്തജിൽ-മുഞ്ജാതം വാതപിത്തജിൽ

ശ്ലോകം 92.

ക്രൌഞ്ചാദനാംഗലോഡ്യംച-കലോഡ്യംച.

ശ്ലോകം 94.

ജീവന്തകസ്സ്ഥൂലഗജഃ—ഝൂഝ്ഝഗജഃ

ആളൂപാനിച സര്വ്വാണി — ആളുകാനിച എന്നും തഥാസൂപ്യാനി ലക്ഷ്മണാ-ലക്ഷ്മണം എന്നും പാഠഭേദഃ

ദീപനം ഭേദനം ഹന്തി എന്ന വരിക്കുശേഷം സംഗ്രാഹി ശതമലീപുഷ്പം പിത്താസ്രഘ്നം വിശേഷതഃ എന്നും അധികമുണ്ട്.

ശ്ലോകം 104.

സ്നിഗ്ദ്ധസ്വിന്നം തദപി—സ്നിഗ്ദ്ധസിദ്ധം എന്നും പാഠഭേദഃ

ശ്ലോകം 108.

ഹിദ്ധ്മാകാസവിഷശ്വാസ — ഹിദ്ധ്മാകാസശ്രമശ്വാസ — വമിശ്വാസ എന്നും.

ശ്ലോകം 110.

രോചനദീപനഃ-ദീപനപാചനഃ ഇതിന്നുശേഷം ഭഗ്നസന്ധാനകൃദ്ബല്യോ രക്തപിത്തപ്രദൂഷണഃ എന്ന് പുസ്തകപാഠമധികമുണ്ട്.

,, 111.

ഹന്ത്യസ്രപിത്തകൃൽ - ഹന്തിരസായനം. പാഠഭേദഃ

,, 122.

വിഷ്ടംഭികഫശുക്ലകൃൽ - ശ്ലേഷ്മളം വാതപിത്തജിൽ

,, 129.

വൃക്ഷാമ്ലം ഗ്രാഹി എന്നതിന്നുശേഷം തൃഷ്ണാഘ്നമൂഷ്ണമമ്ലായാഃ ഫലം പിത്തകരംസരം എന്ന് പുസ്തകപാഠമുണ്ട്.

,, 133.

ഗുല്മോദരാശ്ശൂലാനി എന്നതിന്നുശേഷം മധുരം കിഞ്ചിദമ്ലം ച ഹൃദ്യം ഭക്തപ്രരോചകം ഗുരുവാതപ്രശമനം വിദ്യാന്നാരംഗജം ഫലം എന്ന് അധികമുണ്ട്.

ശ്ലോകം 135.

പാരാവതം ഗുരു — പാലേവതം ഗുരു. പാഠഭേദഃ.

രുച്യം മധുരമാരുകം—ഹൃദ്യം മധുരമാരുകം.

ശ്ലോകം 138.

സതൃദം മൃഗലിണ്ഡികം—സതൃദം മൃഗലിണ്ഡികം

ശ്ലോകം 139.

അമ്ലികാംകോലയോഃഫലം-അമ്ലീകാകോലയോഃ ഫലം ഫലാനാമവരം തത്ര എന്നതിനുശേഷം വാതഘ്നം ദുർജ്ജരം പ്രോക്തം നാരങ്ഗം കഫകൃൽഗുരു തൃഷ്ണാശൂലകഫോൽക്ലേദഛർദ്ദിശ്വാസനിവാരണം നാരികേളം ഗുരുസ്നിഗ്ദ്ധം പിത്തഘ്നം സ്വാദുശീതളം ബലമാംസകരം ഹൃദ്യം ബൃംഹണം വസ്തിശോധനം ഇങ്ങനെ രണ്ടു ശ്ലോകങ്ങൾ ചില പുസ്തകങ്ങളിൽ അധികമുണ്ട്.

ശ്ലോകം 140. ഹിമാനിലോഷ്ണദുർവ്വാത - ഹിമാനലോഷ്ണ.

,, 141. ജീർണ്ണതയാതിച - ജീർണ്ണതയാപിച.

,, 143. സൃഷ്ടമലംവിദുഃ - സൃഷ്ടമലംമുദുഃ

,, 149.

സൈന്ധവാദീൻപ്രയോജയേൽ - സൈന്ധവാദി.

,, 150.

ശ്വാസാൽഃകഫകാസാംശ്ച - കഫവാതാംശ്ച.

,, 156.

സശോഷശോഫാതീസാരമേഹമോഘ—മേദമോഹ. സകേസരം ചതുജ്ജാതം എന്ന വരിക്കുശേഷം സുഗന്ധിസർവ്വപേയാനാം വ്യഞ്ജനാനാം ച വാസനം ലേഹാനാം ബാലപാകാനാം ചൂർണ്ണാനാഞ്ച പ്രയോജയേൽ എന്നധികമുണ്ട്.

ചില സംശയങ്ങൾ.

1. സ്നേഹപാകേത്വമാനോക്തൌ ചതുർഗ്ഗുണവിവർദ്ധിതം കല്ക്കസ്നേഹദ്രവംയോജ്യം എന്ന വിധിയെ അനുസരിച്ച് അസനവില്വാദി മുതലായ സ്നേഹപാകത്തിങ്കൽ ക്വാഥവും ക്ഷീരവുംകൂടി സ്നേഹചതുർഗ്ഗുണം പോരെ?

2. ഇതരഗ്രന്ഥങ്ങളിൽ വിധിച്ചിട്ടുള്ള ശുദ്ധബല മുതലായ യോഗങ്ങളിൽ കഢുബാദികൾക്ക് ദ്വൈഗുണ്യം വേണമോ?

3. ക്വാഥകല്പനയിൽ മൃദുദ്രവ്യങ്ങൾക്കു ദ്രവം ചതുർഗ്ഗുണമെന്നും കഠിനദ്രവ്യങ്ങൾക്കു് അഷ്ടഗുണമെന്നും അതികഠിനദ്രവ്യങ്ങൾക്കു് ഷോഡശഗുണമെന്നും സർവ്വത്തിന്നും [മൃദുകഠിനാതികഠിനങ്ങൾക്കു] കർഷംമുതൽ ഒരു പലംവരെ ഷോഡശഗുണമെന്നും കുഡബംവരെ അഷ്ടഗുണമെന്നും പ്രസ്ഥംമുതൽ ഖാരിവരെ ചതുർഗ്ഗുണമെന്നും ദ്രവപരിമാണത്തിൽ മാററം വരുത്തിയിരിക്കുന്നു. ഇതനുസരിച്ചു് ക്വാഥകല്പനയിൽ വല്ലതും പരിഷ്കരിക്കേണമോ?

4. സ്നേഹപാകത്തിൽ ക്ഷീരാദിപ്രക്ഷേപം എപ്പോൾ വേണം? മദ്ധ്യപാകത്തിൽ വേണമെന്നതിന്നു വല്ല പ്രമാണവുമുണ്ടോ? സർവ്വദ്രവാണാംയുഗപൽ പ്രക്ഷേപഃ എന്നു ചില പക്ഷം കാണുന്നുണ്ടു്. ഇതിന്നു യുക്തിയുണ്ടോ?

5. മാംസരസം ചേൎക്കേണ്ടേടിക്കിൽ രസനിർമ്മാണം എങ്ങിനെയാണു്?

6. ക്വാഥം ഒരുമിച്ചുവയ്ക്കുന്നതും പതിവായി ചൂടുപിടിപ്പിക്കുന്നതും പതിവാണല്ലോ. എന്നാൽ ഇതിന്നു, പുനരുഷ്ണീകൃതം എന്ന ദോഷമില്ലേ.

ഇതുകൂടാതെ ആയുർവ്വേദാഭിവൃദ്ധിക്കു വേണ്ടതായ അത്യാവശ്യസംഗതികളും ആലോചിക്കേണ്ടതുണ്ടു്.

എന്നു്, കാര്യദർശി.

പ്രത്യേകം ചില സംശയങ്ങൾ.

1. പിണ്ഡതൈലനിർമ്മാണം എങ്ങിനെയാണു വേണ്ടതു്?

1. സുകുമാരത്തിൽ ശക്കര എപ്പോഴാണു് ചേൎക്കേണ്ടതു്?

3. ച്യവനപ്രാശത്തിൽ ആമലകം ശുഷ്കമോ, ആർദ്രമോ?

4. അഗസ്ത്യരസായനത്തിൽ ശുഷ്കഹരീതകി ചേൎക്കുന്നതിന്നു പ്രത്യേകം പ്രമാണമുണ്ടോ?

5. മത്സ്യണ്ഡിക എന്നാലെന്താണ്?

6. പൃഷ്യാനുഗചൂർണ്ണത്തിൽ ആഗ്രാസ്ഥി എന്നാലേതു്?

7. ശ്ലേഷ്മോദിതതഃശാണം ഹേമചൂർണ്ണസ്യ്യഭാപയേൽ എന്ന ദിക്കിൽ ഹേമചൂർണ്ണം ഉപയോഗിക്കേണ്ടതെങ്ങിനെ?

8. വാസിഷ്ഠരസായനത്തിൽ ബോടസ്ഥവിരഃ എന്ന ദിക്കിൽ ബോടഃ സ്ഥവിരഃ എന്നു വ്യത്യസ്തമായിട്ടു് സുന്ദരിയിലും, ബോടസ്ഥവിരഃ എന്നു ഒററ പദമായിട്ടു് സംഗ്രഹത്തിലും കാണുന്നുണ്ടു്. ഇതിൽ ഏതാണു് വേണ്ടതു്? ഇതുകളുടെ ഭാഷ എന്താണു്.

9. ഭല്ലാതകാസ്ഥികാസീസം എന്ന ദിക്കിൽ ഭല്ലാതകാസ്ഥി എന്നാലേതാണു് ഉപയോഗിക്കേണ്ടതു്.

10. ഭല്ലാതകം എത്രതരം? ഏതാണു് ഉപയോഗിക്കേണ്ടതു്?

11. ത്രായന്ത്യാദി കഷായത്തിൻെറ കണക്കു് എങ്ങിനെ?

12. പടോലാദിഗണത്തിൽ 'മധുസ്രവം' എന്നതിൻെറ ഭാഷ എന്തു്?

13. ആരഗ്വധാദിഗണത്തിൽ "ഘോണ്ട" എന്നതിൻെറ ഭാഷ എന്തു്?

14. കുമാര്യാസവത്തിൽ "ആകല്ലകം, ഉടിംഗണം" എന്നതിൻെറ ഭാഷ എന്തു്?

15. സ്വർണ്ണം, സ്വർണ്ണഭസ്മം, സ്വർണ്ണസിന്ദൂരം ഇവ തമ്മിൽ ഗുണഭേദം എന്താണു്?

16. അംഗുലം, ബിന്ദു ഇവകളുടെ മാനം എത്ര?

ധന്വന്തരി നിഘണ്ടുവിലെ ചില സംശയങ്ങൾ.

ഭാഗം 3 ഗുളൂച്യാദിവർഗ്ഗത്തിൽ "കൃതിവ്യാധൌ" എന്നതിൻെറ അർത്ഥം.

" " "കഷായശോഷെഷശ്ച" എന്നതിൻെറ അർത്ഥം.

8. ഗുളൂചിഗുണത്തിൽ 'ശുണ്ഠ്യാത്മവാതം' "

13. നിംബഗുണത്തിൽ 'ലേപാഹാരാദിശീതളഃ' "

14. കിരാതതിക്തകഗുണത്തിൽ 'രസഃ ശീതഃ' ,,

15. മുസ്താഗുണത്തിൽ "അഗ്നിശിശിരാ' ,,

17. പടോലമൂലിഗുണത്തിൽ "വീര്യഗർഭപ്രതാനശ്ച' ,,

20 ശാരിബാസാരിഗുണത്തിൽ "സുഖസംഭവം" ,,

21. ദേവതാരുഗുണത്തിൽ "ശ്ലേഷ്മപാകതഃ" ,,

25. കാസമർദ്ദീഗുണത്തിൽ "ഫലാനിക്ഷുല്ലികാനാം" ഇത്യാദി എന്നതിന്റെ അത്ഥം.

33. ജീവന്തിഗുണത്തിൽ "യൂനാം ദ്വിതീയാ കിഞ്ചിദേവതു" എന്നതിന്റെ അത്ഥം.

35. ക്ഷീരവിദാരീഗുണത്തിൽ "ഗ്രുഢവൃഷ്യവിഷൂദനീ"

46. കോശാതകീഗുണത്തിൽ "അപ്രഗാഢശ്ച" അത്ഥം.

53. കണ്ണികാരഗുണത്തിൽ "മധുഃ" ,,

56. സ്നുഹീഗുണത്തിൽ ഗുണം മുഴുവൻ ,,

60. അങ്കോലഗുണത്തിൽ 'കണ്ഠശൂലസ്യശോധനഃ' ,,

71. കുടജഗുണത്തിൽ "കടുജഃ" ,,

104. മാംസീഗുണത്തിൽ 'ത്വചാകാന്തിപ്രസാദിനീ' ,,

112. ലാക്ഷാഗുണത്തിൽ 'ഭൂതജ്വരാത്തിനാശിനീ' ,,

ഭാഷയറിയാത്ത ഔഷധങ്ങൾ.

123. കങ്കുഷ്ഠം.

127. പുഷ്പാഞ്ജനം.

142. മാംസരോഹിണി.

117. രാജാവത്തഃ

290. ഗൈരിപാഷാണഃ

292. രസകഃ

293. രോഹിതഃ

294. കോകന്ധഃ

298. പേചഃ

ടി ടോകഃ

പുനരുക്തിസംശയത്തോടുകൂടിയവ.

46. അശ്മന്തകഃ + 196. മുഷ്കകഃ.

61. തേജസ്വിനി + 61. ജ്യോതിഷ്മതീ.

16. ജലമുസ്തം + 107. പരിപേല്ലം.

98. ഉശീരം + 113. ലാമജ്ജകം.

114. പ്രപൌണ്ഡരീകം + 158. പൌണ്ഡ്രകം.

119. കാസീസം + 209. സീസകം.

204. ഗണേരുകഃ + 53. കർണ്ണികാരഃ

138. കാകമാചീ = കാകജംഘാ. 139. കാകനാസാ = കാകാദനീ = ഇതിൽ കാകജംഘ എന്താണ്?

വിഷയവിവരം.

മാതുലംഗനാരകവേർ ചുക്കം തിപ്പലീ കൊട്ടവേലിയും
കൊത്തമ്പാലരിയിന്തുപ്പ് ആറുസ്ഥീതുകഴഞ്ചതായ്
നെയ്യിടങ്കഴിയൊന്നാക്ക പ്പാലിടങ്കഴി നാലുമായ്
കാച്ചി നന്നായരിച്ചിട്ട നക്കു നെയ്യിതു നിത്യവും
പിത്തവും വാതവും തീരുമരിശസ്സഗ്നിമാന്ദ്യവും
ആട്ടിൻപാലു കുറുക്കീട്ട് സേവിക്കാമരിശസ്സിന്
ശുദ്ധിചെയ്യഗ്നിയും പിന്നെയിന്തുപ്പുമയമോദകം
ചുക്കം നാലിവയൊപ്പിച്ച് മുളകൊട്ട കുറച്ചതും
ഒക്കെക്കൂടെ പ്പൊടിച്ചിട്ട് മോരിൽ സേവിക്ക നിത്യവും
അരിശസ്സ ശമിച്ചീടുമഗ്നിമാന്ദ്യഞ്ച പാണ്ഡുവും
ശോഫത്തിന്നുമിതാമല്ലോ ഹുതഭുഗ്ഗാദിയെന്ന പേർ.
എലക്കള്ളിയുടെ വേർമ്മേൽത്തൊലിയെ പ്പൊടിചെയ്യതു്
തേനിൽ കുഴച്ച സേവിച്ചാൽ അരിശസ്സ ശമിച്ചുപോം.
അഗ്നിയഞ്ചുപലം കൊണ്ടു കഷായംവെച്ചരിച്ചതിൽ
പലമെട്ടതു കൊണ്ടുള്ള ഗുളമിട്ട കുറുക്കുക
സാന്ദ്രപാകം വരുന്നേരം വ്യോഷവും ചതകുപ്പയും
കൊട്ടം മുത്തങ്ങ മുക്കായും ഏലം വ്ഴാലരിയഗ്നിയും
ഇവയൊപ്പം പൊടിച്ചിട്ട് വാങ്ങിക്കൊണ്ടതുരുട്ടുക.
പിന്നെസ്സേവിച്ചുകൊണ്ടീടിൽ ഗുദാങ്കുരമൊഴിഞ്ഞുപോം.
കുഷ്ഠവും ഗുന്മവും തീരും പ്രാതസ്സേവിച്ചുകൊള്ളുക.
ഹിംഗ്വാദിചൂർണ്ണവും കൊള്ളാം ചൊല്ലും ഗുന്മചികിത്സയിൽ
ഭല്ലാതകഘൃതം യോജ്യം കാടിതന്നിലിരിക്കയും
കാടിനന്നായ് വെതുമ്പീട്ട് ധാരയാമരിശസ്സിന്.
കടുക്കാ കായമിന്തുപ്പ് കണയെന്നിവ തുല്യമായ്
അരച്ച കോഷ്ണപയസാ പിബേദ്ദുന്നാമശാന്തയേ.
എരിക്കിൻവേർ തേവതാരം വെള്ളടമ്പിവ തുല്യമായ്
കുടിപ്പിതു ഗവാംമൂത്രേ നശിക്കമരിശോഗണം.
കാട്ടിൽചേന യരത്തരക്തകദളീകന്ദഞ്ച നല്ലത്തിവേർ
ചൂർണ്ണം മേടിന്നുരക്കി നല്ല പയസാ പറെറപ്പിഴിഞ്ഞങ്ങിനെ
ചൂർണ്ണിച്ചപ്പട്ടനാച ശക്കരയുമായ് മൂവഞ്ചുനാഠം തിന്നിടിൽ

പ്പോം ദുർന്നാമമുരത്തയങ്കുരമത്തും പൂൽകാരവും നിണ്ണയം.

മൂലംമുടിപ്പാനൊരുവേരു രണ്ടും
മോരിൽ തികത്തി പ്പിബതാം നരാണാം
മൂലാമയം കൊണ്ടു വരും വികാരം
മൂവഞ്ചുനാളിൽ പ്രശമം പ്രയാതി.

കാരെള്ളരുഷ്കരവുമാമലകം കടുക്കാ
നേരേപൊടിച്ചു സമമാക്കിയുടൻ കലൎന്ന്
നീരററശക്കരയിൽ നിത്യനിഷേവകാണാം
വേരററുപോം ഝടുതി മൂലരുജാ നരാണാം.

ചൊല്ലാം നല്ല ചുയച്ചെവിഷ്ണുദളമാമൊട്ടോട്ടുകൂട്ടീട്ടര-
ച്ചയ്മ്പിൽതേച്ചു കരതിരുമ്മിയുടനക്കൈക്കൊട്ടിനാ
ലപ്പൊഴെ.
രോഗംകൊണ്ടു മതല്ലയാതെ പുറമേചാടിക്കിടക്കും ഗുദം
ഓടിപ്പോകുമകത്തു പക്ഷിവരനെക്കണ്ടോരു പാമ്പെന്ന
പോൽ.

മുരിങ്ങമേലുള്ളൊരു നാഗവല്ലീ—
ദളം കരുക്കത്തിയുടെ ദളം ച;
നല്ലോരുമഞ്ഞളിവയൊക്കെയരച്ചു വെണ്ണ
കൂട്ടീട്ടതും മരിചപത്രമതിങ്കൽവച്ചു്
ഒപ്പിച്ചു കൊണ്ടതുമുടുത്തുകിടന്നുവെങ്കിൽ
തക്കത്തിലാം ഗുദമകത്തുകടന്നൊളിക്കും.

അഗ്രഗ്രാഹിയുമിന്തുപ്പും ഗോമൂത്രത്തിലരച്ചതു്
ഇരുച്ചാൺനീളമുള്ളൊരു തുണിയിൽ തേച്ചുകൊണ്ടുടൻ
ഉറക്കെയരിശസ്സിന്മേൽ ചുററിമെല്ലെന്നു ഞെക്കിയാൽ
അകത്തുപോകുമൎശസ്സ് അതിനില്ലൊരുസംശയം.
തൈലം ചേത്തു പടിക്കാരമരച്ചാലേപനാൽ തഥാ
ഇടിച്ചുകാട്ടിലേയപ്പ കാടിചേത്തു പചിച്ചുടൻ
എടുത്തു ചെറുചൂടോടെ ഒപ്പിയാലുമകത്തുപോം.
അയമോദകവും പാടക്കിഴങ്ങും കൊട്ടുവേലിയും
കൂട്ടി മുക്കടി സേവിച്ചാലരിശസ്സു ശമിച്ചുപോം.

അൎക്കമൂലം ശമീപത്രം അൎശസാം ധൂപനേ ഹിതം
അൎശസ്സുവന്നു മുററീടിലട്ടയിട്ടെങ്കിലുംതഥാ
ശസ്ത്രസൂചികൾകൊണ്ടിട്ടും ചോര നീക്കണമാവോളം.
കാട്ടുചേനകഷായത്തിൽ പഞ്ചകോലേന മിശ്രിതം
മോരുംകൂട്ടി പ്പചിച്ചുള്ള ഘൃതം ദുൎന്നാമനാശനം.
ദുസ്പൎശകേന വിലേപന യവാന്യാ നാഗരേണ വാ
ഘൃകൈകേനാപി സംയുക്താ പാഠാ ഹന്ത്യൎശസാം രുജം.
കൊടിത്തൂവയുടെവേരും മുത്തങ്ങാ അയമോദകം
പിപ്പലീ പിപ്പലീമൂലം കടുക്കാ കൊടുവേലിയും
അത്തിത്തിപ്പലിയെന്നെല്ലാം മൂന്നുച്ചീതു കഴഞ്ചുതായ്
പൊടിച്ചിവറെറാടൊപ്പിച്ച് ത്രിവൃച്ചൂൎണ്ണവുമിഞ്ചിയും
പലമൊന്നതു കൊണ്ടിട്ടു ഗുളം വിംശൽപലം തഥാ
കൂട്ടിഗ്ഗുളികയാക്കിട്ടു അക്ഷമാത്രം തു ഭക്ഷയേൽ
പാൎശ്വശൂലേപ്യുദാവൎത്ത ദുൎന്നാമ്നി ച ഹിതംപരം.
പത്ഥ്യയഞ്ചുപലം കൊള്ളു പലം മരിചജീരകം
തിപ്പലീ തിപ്പലീമൂലം ചവ്യചിത്രകനാഗരം
പലാഭിവൃദ്ധം ക്രമശോ യവക്ഷാരം പലദ്വയം
പലമെട്ടതു കൊണ്ടിട്ടു ഭല്ലാതകമതങ്ങിന്നെ
കാട്ടുചേനയതും കൂട്ടി ശൎക്കരാസഹിതം പുനഃ
അക്ഷമാത്രം തു ഗുളികാം ഭക്ഷയേൽദിവസാഗമേ
കാച്ചിയാറിയ മോരപ്പോൾ കുടിക്കയിതിനാലഹോ
അൎശസ്സുങ്ങാറുവിധവും പോകുമെന്നതു നിൎണ്ണയം
കങ്കായനേന കഥിതം ശസ്ത്രക്ഷാരാഗ്നിഭീരുണാ
മൂലരോഗമതിങ്കേന്നു ചോരയിററിററു വീഴുകിൽ
എള്ളുനന്നായരച്ചിട്ടു പാലിൽ സേവിച്ചുകൊള്ളുക
വെണ്ണപോലെയരച്ചിട്ട് വേറെയാക്കടലാടിയും
അരിയൂററിയനീർതന്നിൽ സേവിച്ചാൽ ചോര നിന്നിടും
പുളിയാറിലയും ബ്രഹ്മി ഒപ്പം കുത്തിപ്പിഴിഞ്ഞതിൽ
നെയ്യും കൂട്ടീട്ടു വെച്ചേപ്പു കല്ക്കത്തിന്നു പറഞ്ഞിടാം
കുടകപ്പാലവേമ്മത്തോൽ ചന്ദനം വിടയും തഥാ

രാമച്ചം മുസ്തയും കൂട്ടി കാച്ചികൊള്ളുക നെയ്യതു്.
സേവിച്ചാൽ ചോരനിന്നീടും മൂലത്തിന്നുടെ നോവു പോം
കൂവളത്തില പൊടിച്ചു പിച്ചയാ നാഗരോഷണ
സമീപ്യകം പ്രഗെ
ഈഷദുഷ്ണമഥ മോരിലഞ്ജസാ പീതമേത ദരിശോഹരം പരം
ഇന്തുപ്പു തിപ്പലി മലക്കിടതെന്നിമൂന്നും വെന്തറവുകാടിയിൽ
വെതുന്നനവേ യരച്ചു
നക്കീടിലങ്ങനിലനും പിലിശാവയററിൽ ബന്ധിച്ചനിന്ന
മലവും ചൊരിയും ക്രമേണ
ചെറുചേന പറിച്ചരച്ചു നന്നായ് തുണിയിൽതേച്ചു
വിശോഷ്യ ശക്കരാക്തം
തിരിചെയ്തു ഗുദേ നിവേശിതാനാമരിശോഭീതി കിനാവിലും
ന ജാതു
ആവിർത്താലയമോതകം വനകണാ ചവ്യം ച തീയും തഥാ
വ്യോഷഞ്ചേതി പൊടിച്ചരച്ചു പട്ടവും നേർപാതി
യായെല്ലാണ്ടുടൻ
പ്രാതർമ്മുക്കുടിയായ്ക്കുടിക്ക പശുവിൻമോരിൽ
കലക്കി ജ്ജനൈഃ
പ്രായസ്സംപരിശോഷമേതി സഹസാ ദുന്നാമദുർവ്വീകൃതം
നല്ലോരു കള്ളിയില വാട്ടിയുടൻ നുറുങ്ങ-
ത്തന്നെ പിഴിഞ്ഞു ഗുദരന്ധ്രമുഖെ നിധായ
തിങ്ങുംപ്രകാരമൊരു കച്ച മുറുക്കി രാത്രൌ
മെല്ലെകിടക്കിലരിശോഭയമേതുമില്ലാ.
കരഞ്ജപത്രം കൈനാറി അരച്ചിട്ടങ്ങു കാടിയിൽ
കലക്കിട്ടതുവേയിച്ച് കുഴമ്പാക്കിട്ടതിത്തിരി
ചൂടോടുപൊതികിൽ ക്ഷിപ്രം ഗുദാംകരമകത്തു പോം.
തുമ്പ കാടിലരച്ചിട്ടു വെതുപ്പിത്തേയ്ക്കയും ഗുണം
കരുവള്ളിയുടെകന്ദം തേക്കാമശ്സ്സിനങ്ങിനെ
മുരിക്കിൻവേരരച്ചിട്ടു കാടിനീരിൽ കലന്നത്
അന്നത്തി ധാരയിട്ടുകിൽ പുറപ്പെട്ടതകത്തു പോം.

VAIDYA SARATHY.

Regd. No. M. 3579 & T. 102. *Decmber 1947.*

Printed and Published by C. G. Govinda Pillay at the Vaidya Sarathy Press, Kottayam.